# ദി ഡിഫെൻഡർ

Vol. No. 9 Issue No. 13 RNI Reg. No. 68089 / 97 Published From Perumbavoor 2006 JULY 1 Price: Rs.100/- P.A.


## ഡിഫെൻഡർ ആദ്യമായി ലഭിക്കുന്നവരുടെ ശ്രദ്ധയ്ക്ക്

ഡിഫെൻഡർ എന്നൊരു പത്രം നാളിതുവരെ കണ്ടിട്ടില്ലാത്ത അഞ്ഞൂറോളം വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഈ ലക്കം മുതൽ ഡിഫെൻഡർ ലഭിച്ചുതുടങ്ങും. അങ്ങനെയുള്ളവരുടെ അറിവിലേക്ക് ചില കാര്യങ്ങൾ പറയട്ടെ.

1997 ഡിസംബർ മുതൽ പ്രസിദ്ധീകരിച്ചു വരുന്ന പത്രമാണ് ഡിഫെൻഡർ. പേര് സൂചിപ്പിക്കുന്നതുപോലെ ഈ പത്രം ചിലതൊക്കെ ഡിഫെൻഡ് ചെയ്യുന്നു. മാസത്തിൽ ഒന്ന് എന്ന ക്രമത്തിനാണ് ആദ്യ കാലങ്ങളിൽ പത്രം പ്രസിദ്ധീകരിച്ചിരുന്നത്. എന്നാൽ ഇപ്പോൾ ഡിഫെൻഡർ ഒരു ദ്വൈവാരികയാണ്. എല്ലാ മാസവും ഒന്ന്, 16 എന്നി തീയതികളിൽ പത്രം പ്രസിദ്ധീകരിക്കുന്നു.

ക്രൈസ്തവ വിശ്വാസവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് സാധാരണയായി ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കുന്നത്. പെന്തക്കോസ്തിലെ അരമന രഹസ്യങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നത് ഒഴിവാക്കാൻ ഞങ്ങൾ നാളിതുവരെ ശ്രമിച്ചിരുന്നു. എന്നാൽ ഡിഫെൻഡറിന്റെ എഡിറ്ററും മറ്റും പ്രതികളായി പത്തനംതിട്ട ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ നിലനിന്നിരുന്ന കേസ്സ് ഈയിടെ വിധിയാകുകയും അത് ഏറെ വാർത്താ പ്രാധാന്യം നേടുകയും ചെയ്തു. ഈ കേസ്സിനോടുള്ള ബന്ധത്തിൽ ഒട്ടേറെ നിറം പിടിപ്പിച്ച കഥകൾ മാദ്ധ്യമങ്ങളിലൂടെ ജനം അറിഞ്ഞു. സത്യം എന്ത് എന്ന് അന്വേഷിക്കാൻ ഒരു പത്രവും തയ്യാറായില്ല.

സി.ജെ.എം. കോടതി ഞങ്ങളെ കുറ്റക്കാരെന്ന് കാണുകയും ശിക്ഷ വിധിക്കുകയും ചെയ്തു എന്നത് ശരിതന്നെ. ഏതാനും മിനിട്ടുകൾക്കകം ഞങ്ങൾ ജാമ്യമെടുത്തു. അതുകൊണ്ട് ജയിലിൽ പോകേണ്ടതായി വന്നില്ല. ജില്ലാ കോടതി, ഹൈക്കോടതി, സുപ്രീം കോടതി എന്നിങ്ങനെ മൂന്നു കോടതികൾ കൂടി ഇനിയുണ്ട്. ഈ കോടതികളിൽ ഞങ്ങളുടെ നിരപരാധിത്വം തെളിയിക്കാൻ കഴിയും എന്ന് തീർച്ച. പക്ഷേ, അതിന് കാലതാമസമുണ്ടാകും. അതുവരെയുള്ള കാലത്ത് ഞങ്ങൾ സംശയത്തിന്റെ നിഴലിലായിരിക്കും.

സെക്യൂലർ പത്രങ്ങളിൽ ഞങ്ങൾക്കെതിരെ വന്ന വാർത്ത കോടിക്കണക്കിന് ആളുകൾ വായിച്ചു. അവരെയെല്ലാം സത്യം ബോദ്ധ്യപ്പെടുത്തുക എളുപ്പമല്ല. എന്നാൽ ഡിഫെൻഡറിന്റെ സ്ഥിരം വായനക്കാരേയും സെക്യൂലർ രംഗത്തുള്ള മാദ്ധ്യമങ്ങളേയും നീതിന്യായ രംഗത്തുള്ള ചില പ്രധാന വ്യക്തികളേയും പ്രസ്ഥാനങ്ങളേയും സത്യം അറിയിക്കാൻ ഡിഫെൻഡറിന് കഴിയും. അതിനുള്ള ശ്രമമാണ് ഇപ്പോൾ നടത്തുന്നത്. ആ ഉദ്ദേശ്യത്തോടെയാണ് പ്രത്യേകം തിരഞ്ഞെടുത്ത അഞ്ഞൂറോളം വിലാസങ്ങളിൽ കൂടി ഈ ലക്കം മുതൽ ഡിഫെൻഡർ അയക്കുന്നത്.

## എട്ടാമത്തെ സി.ഡി. തയ്യാറാകുന്നു

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ റ്റി.എസ്. ബാലൻ തയ്യാറാക്കിവരുന്ന 10 സി.ഡി.കളിൽ എട്ടാമത്തേതിന്റെ റിക്കാഡിംഗ് പുരോഗമിക്കുന്നു. ബൈബിളുമായി ബന്ധപ്പെട്ട സംശയങ്ങളാണ് ഈ സി.ഡിയുടെ വിഷയം.

അടിസ്ഥാന വേദോപദേശങ്ങളാണ് ആദ്യ സി.ഡിയിൽ ഉള്ളത്. കൾട്ടുകളേക്കുറിച്ചുള്ള പഠനങ്ങളാണ് രണ്ടാമത്തെ സി.ഡിയുടെ ഉള്ളടക്കം. പരിശുദ്ധാത്മ ശാസ്ത്രം, ദുരാത്മ ശാസ്ത്രം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങളെല്ലാം മൂന്നാമത്തെ സി.ഡിയിലുണ്ട്. ക്രൈസ്തവ സഭകളിൽ നിലനിൽക്കുന്ന പ്രധാന ദുരുപദേശങ്ങളേക്കുറിച്ചാണ് നാലാമത്തെ സി.ഡിയിൽ പഠിക്കുന്നത്. ലോകമതങ്ങളാണ് അഞ്ചാമത്തെ സി.ഡിയുടെ വിഷയം. ബൈബിൾ വ്യാഖ്യാനിക്കേണ്ടതെങ്ങനെയെന്ന് ആറാമത്തെ സി.ഡിയിൽ വിവരിക്കുന്നു. ഭാവികാല ശാസ്ത്രം എന്നതാണ് ഏഴാമത്തെ സി.ഡിയുടെ വിഷയം.

ഏതെങ്കിലും ഒരു സി.ഡി. ആവശ്യമുള്ളവർ 100 രൂപ മണിയോഡർ അയച്ചാൽ മതിയാകും. ആദ്യത്തെ ഏഴു സി.ഡികൾക്ക് 700 രൂപ അയയ്ക്കുക. പത്തു സി.ഡികൾ അടങ്ങിയ ഒരു സെറ്റിന് 1000 രൂപയാണ് വില. ഇപ്പോൾ പണം അടയ്ക്കുന്നവർ 900 രൂപ നൽകിയാൽ മതിയാകും. മണിയോഡർ കൂപ്പണിൽ പൂർണ്ണമായ വിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കണം. സി.ഡി. കുറിയർ സർവ്വീസ് വഴിയാണ് അയയ്ക്കുന്നത്. അതുകൊണ്ട് ഏറ്റവും അടുത്തുള്ള കുറിയർ സർവ്വീസിന്റെ പേരും അറിയിക്കുക.

കൂടുതൽ വിവരങ്ങൾക്ക്: ഫോൺ – 94474 14608

വിലാസം:

**റ്റി.എസ്.ബാലൻ,**

**ആനന്ദ് ഭവൻ, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**

**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542**

# ഇന്റർനെറ്റ് കേസ്സ് ഇനി ജില്ലാ കോടതിയിൽ

സൈബർ കേസ്സ് ഇനി പത്തനംതിട്ട ജില്ലാ കോടതിയിൽ നടക്കും. പത്തനംതിട്ട സി.ജെ.എം. കോടതിയുടെ വിധിക്കെതിരെ പ്രതികൾ ജില്ലാ കോടതിയിൽ അപ്പീൽ നൽകും. ജൂലൈ 20ന് മുൻപായി അപ്പീൽ നൽകിയാൽ മതിയാകും.

വിവിധ വകുപ്പുകളിലായി ഏഴു വർഷത്തെ കഠിന തടവും 35,000 രൂപ പിഴയുമാണ് പ്രതികളായ ടി.എസ്.ബാലൻ, മകനായ അനീഷ് ബാലൻ എന്നിവർക്ക് കോടതി വിധിച്ചിരിക്കുന്നത്. എന്നാൽ ശിക്ഷകൾ ഒരേ കാലത്ത് അനുഭവിച്ചാൽ മതിയാകും എന്നതിനാൽ പരമാവധി മൂന്നു വർഷം മാത്രമാണ് ശിക്ഷയുടെ കാലാവധി.

ഐ.പി.സി. പ്രസിഡന്റായ ടി.എസ്.ഏബ്രഹാമിനേയും കുടുംബത്തേയും വ്യാജ ഈമെയിലുകൾ അയച്ച് അപമാനിച്ചു എന്നതാണ് പ്രതികൾക്കെതിരെയുള്ള പ്രധാന കുറ്റം. ഇതിന് മൂന്നു വർഷം തടവ് വിധിച്ചിട്ടുണ്ട്. ടി.എസ്.ഏബ്രഹാമിന്റെ കമ്പ്യൂട്ടറിലെ ഡേറ്റ നശിപ്പിച്ചു (ഹാക്കിംഗ്) എന്ന കുറ്റത്തിന് രണ്ടു വർഷം തടവ്. ഗൂഡാലോചനയാണ് മറ്റൊരു കുറ്റം.

പ്രതികളെ വിലങ്ങു വെച്ച് ജയിലിലേക്ക് കൊണ്ടുപോകുന്ന ചിത്രം എടുക്കാൻ ഒട്ടേറെ പത്രക്കാർ എത്തിയിരുന്നെങ്കിലും അവർക്ക് അതിനുള്ള ഭാഗ്യം ഉണ്ടായില്ല. വിധി പ്രസ്താവിച്ച ഉടൻ വിധി സസ്പെന്റ് ചെയ്യാനുള്ള അപേക്ഷ പ്രതികൾ സമർപ്പിക്കുകയും ജാമ്യക്കാരെ ഹാജരാക്കുകയും ചെയ്തു. അതുകൊണ്ട് കോടതി പ്രതികൾക്ക് ജാമ്യം അനുവദിച്ചു. ജയിലിലേക്ക് പോകേണ്ടതായി വന്നില്ല.

ഇന്ത്യയിൽത്തന്നെ ഇത്തരത്തിലുള്ള ആദ്യത്തെ കേസ്സാണ് ഇത് എന്ന് പറയപ്പെടുന്നു. അതുകൊണ്ടുതന്നെ ഇതിന് വാർത്താപ്രാധാന്യമുണ്ടായി. ബാലൻ ജയിലിൽ ആയി എന്ന് ലോകരെ അറിയിക്കാൻ ആഗ്രഹമുള്ളവർ പിന്നിൽ പ്രവർത്തിക്കകൂടി ചെയ്തതോടെ എല്ലാ മാദ്ധ്യമങ്ങളിലും വാർത്ത വന്നു.

തങ്ങൾ നിരപരാധികളാണെന്നും സുപ്രീം കോടതി വരെ പോയിട്ടായാലും തങ്ങളുടെ നിരപരാധിത്വം തെളിയിക്കുമെന്നും ജാമ്യത്തിലിറങ്ങിയ ഉടൻ പ്രതികൾ പത്രപ്രതിനിധികളെ അറിയിച്ചു. (ഈ കേസ്സിനെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ മറ്റു പേജുകളിൽ)

# ഐ.പി.സി. തെരഞ്ഞെടുപ്പ് സെപ്റ്റംബറിൽ നടക്കും

ഐ.പി.സി. എന്ന പേരിൽ അറിയപ്പെടുന്ന ഇന്ത്യൻ പെന്തക്കോസ്ത് ദൈവസഭയെന്ന ചാരിറ്റബിൾ സൊസൈറ്റിയുടെ ഭാരവാഹികളെ കണ്ടെത്താനുള്ള തെരഞ്ഞെടുപ്പ് സെപ്റ്റംബർ 13ന് കുമ്പനാട്ട് നടക്കും. ഐ.പി.സിയുടെ ജനറൽ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറാർ തുടങ്ങിയ ഭാരവാഹികളേയും കൗൺസിൽ അംഗങ്ങളേയുമാണ് തെരഞ്ഞെടുക്കുക. വിവിധ സ്റ്റേറ്റ് കൗൺസിലുകളുടെ തെരഞ്ഞെടുപ്പ് 13ന് മുൻപ് നടക്കും.

ഏറ്റവും വലിയ പെന്തക്കോസ്ത് സഭയാണ് ഐ.പി.സി. എന്ന് പറയപ്പെടുന്നു. ഏതായാലും ഏറ്റവും അധികം തട്ടിപ്പും വെട്ടിപ്പും നടക്കുന്ന പെന്തക്കോസ്ത് പ്രസ്ഥാനം ഐ.പി.സിയാണ്. അതുകൊണ്ടുതന്നെ ഐ.പിസിയിലെ തെരഞ്ഞെടുപ്പ് എപ്പോഴും വാശിയുള്ളതായിരിക്കും.

ഐ.പി.സി. സ്ഥാപിച്ചത് കെ.ഇ.ഏബ്രഹാം ആണെന്ന് ഒരു ഐതിഹ്യമുണ്ട്. അദ്ദേഹത്തിന്റെ മകനായ ടി.എസ്.ഏബ്രഹാം ആ തഴമ്പിന്റെ പിൻബലത്തിൽ ഐ.പി.സിയുടെ തലപ്പത്ത് ഇരിക്കാൻ തുടങ്ങിയിട്ട് കാലം കുറെ ആയി. എന്നാൽ 80 വയസ്സ് കഴിഞ്ഞതുകൊണ്ട് ഇത്തവണ മത്സരിക്കാൻ പറ്റില്ല. അതിനു പകരം മകനായ വൽസൻ ഏബ്രഹാമിനെ സ്ഥാനാർത്ഥി ആക്കാനാണ് പദ്ധതി. പക്ഷേ ആദ്യം തന്നെ പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിച്ചാൽ എതിർപ്പുണ്ടാകും. അതുകൊണ്ട് വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നീ സ്ഥാനങ്ങളിൽ ഏതെങ്കിലും ഒന്ന് നേടാനാണ് ശ്രമിക്കുന്നത്.

എം.എസ്.ശാമുവേൽ പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുമെന്ന് ഏറെക്കുറെ ഉറപ്പായിക്കഴിഞ്ഞു. മറ്റു ചില സ്ഥാനാർത്ഥികളും രംഗത്തുണ്ട്. കേരള സ്റ്റേറ്റ് പ്രസിഡന്റ്, സെക്രട്ടറി തുടങ്ങിയ കസേരകളിലും മത്സരമുണ്ടാകും. ആരു ജയിക്കും എന്ന് ഇപ്പോൾ പറയാൻ പറ്റില്ല.

മറ്റേതെങ്കിലും സഭയുടെ ശുശ്രൂഷയോ ഔദ്യോഗിക പദവികളോ വഹിക്കുന്നവർക്ക് തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാകാൻ പറ്റില്ല. അങ്ങനെയെങ്കിൽ വൽസൻ ഏബ്രഹാം എങ്ങനെയാണ് സ്ഥാനാർത്ഥിയാകുന്നതെന്ന് അറിഞ്ഞുകൂടാ. സഭകൾ സ്ഥാപിക്കുക എന്നത് ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഒന്നായി പ്രഖ്യാപിച്ചുകൊണ്ട് രൂപം കൊടുത്തിട്ടുള്ള കെ.ഇ.ഏബ്രഹാം ഫൗണ്ടേഷൻ ഐ.പി.സി. പോലുള്ള മറ്റൊരു സഭയാണ്. ആ സഭയുടെ വൈസ് ചെയർമാനാണ് വൽസൻ ഏബ്രഹാം. അതുകൊണ്ട് ഐ.പി.സിയുടെ ഭാരവാഹിയാകാൻ വൽസൻ യോഗ്യനല്ല.

വീട്ടിൽ മൂത്ത കാരണവർക്ക് എന്തും ആകാം എന്ന ന്യായം അനുസരിച്ച് ടി.എസ്.ഏബ്രഹാമിനും കുടുംബത്തിനും എന്തും ആകാം എന്നതാണ് ഐ.പി.സിയിലുള്ള സ്ഥിതി. അതുകൊണ്ട് വൽസനേപ്പോലുള്ളവർക്ക് എന്ത് അയോഗ്യത ഉണ്ടെങ്കിലും അതൊന്നും പരിഗണിക്കപ്പെടുകയില്ല. എതിർക്കാൻ ശ്രമിക്കുന്നവർ സഭയിൽ നിന്നും പുറത്താകും.

രാഷ്ട്രീയക്കാർ നാണിച്ചു പോകുന്നത്ര ഹീനമായ കുതികാലുവെട്ടും രാഷ്ട്രീയ കളികളുമാണ് ഐ.പി.സിയുടെ തെരഞ്ഞെടുപ്പിൽ സാധാരണയായി ഉണ്ടാകുക. ഇത്തവണയും അതൊക്കെത്തന്നെ നടക്കും. ഡിഫെൻഡർ ഒഴികെ ഒരു പെന്തക്കോസ്ത് പത്രവും ഇതിനെതിരെ പ്രതികരിക്കാൻ ധൈര്യപ്പെടുകയില്ല. (പ്രതികരിച്ചതിന്റെ ഫലം ഡിഫെൻഡർ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കയാണ്).

ബൈബിളിലെ വിശ്വാസാചാരങ്ങളുമായി ഏറ്റവും അധികം യോജിക്കുന്ന വിശ്വാസാചാരങ്ങളുള്ളത് പെന്തക്കോസ്ത് സഭകളിലാണ്. എന്നാൽ സഭയെ സംഘടനയാക്കിയതും സംഘടനയുടെ തലവനെ സഭയുടെ തലവനായി പരിഗണിക്കാൻ തുടങ്ങിയതും മറ്റും ബൈബിളിലെ പഠിപ്പിക്കലുകളുമായി യോജിക്കുന്നതല്ല. ഐ.പി.സി. എന്നത് ഒരു ചാരിറ്റബിൾ സൊസൈറ്റി മാത്രമാണെന്നും ഇത് ദൈവസഭയല്ലെന്നും സാധാരണക്കാരായ വിശ്വാസികൾക്ക് അറിഞ്ഞുകൂടാ. ഈ തെറ്റിദ്ധാരണ മാറാതെ പെന്തക്കോസ്ത് സഭകളിലെ രാഷ്ട്രീയക്കളി അവസാനിക്കയുമില്ല.

ദി ഡിഫെൻഡർ

Vol. No.9 Issue No. 13 2006 July 1

# പെന്തക്കോസ്ത് സമൂഹം മാമ്മോൻ്റെ പിടിയിൽ?

യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചവരാണ് പെന്തക്കോസ്ത് വിശ്വാസികൾ. പക്ഷേ ഇന്ന് ഭൂരിപക്ഷം പെന്തക്കോസ്തുകാരുടേയും കർത്താവ് മാമ്മോനാണ്. പണത്തിൻ്റെ പ്രതീകമായാണ് ബൈബിളിൽ മാമ്മോനേക്കുറിച്ച് പറയുന്നത്. പണമില്ലാതെ ജീവിക്കാനാവില്ല. പണമുണ്ടാക്കുന്നതും സമ്പന്നനാകുന്നതും പാപവുമല്ല. പക്ഷേ പണമാണ് നമ്മുടെ ദൈവം എന്നു വന്നാലോ?

പെന്തക്കോസ്തിൽ ചേരണം, കപ്പേം മീനും തിന്നണം എന്ന് പാടി പൊതുജനം പെന്തക്കോസ്തുകാരെ പരിഹസിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. അന്ന് കപ്പയും മീനും വാങ്ങാനുള്ള പണം പോലും ഭൂരിപക്ഷം പെന്തക്കോസ്തുകാരുടേയും കീശയിൽ ഇല്ലായിരുന്നു. എങ്കിലും അവർ ആത്മീയസന്തോഷവും സർവ്വബുദ്ധിയേയും കവിയുന്ന സർഗ്ഗീയ സമാധാനവും അനുഭവിച്ചിരുന്നു. ആ കാലമൊക്കെ പോയി. ഇന്ന് പെന്തക്കോസ്തുകാരിൽ ഭൂരിപക്ഷത്തിനും പട്ടിണി എന്തെന്ന് അറിഞ്ഞുകൂടാ. സഭാനേതാക്കൻമാർ വിദേശ പണത്തിൻ്റെ ബലത്തിൽ സർവ്വവും മറക്കുന്നു.

ഇന്ത്യയിലെ ഏറ്റവും വലിയ പെന്തക്കോസ്ത് സഭയുടെ പ്രസിഡൻ്റായ ടി.എസ്.ഏബ്രഹാമിന് ഏതാനും വർഷം മുൻപ് കുമ്പനാട്ടുള്ള ഒരു ബാങ്ക് ഏറ്റവും വലിയ നിക്ഷേപകനുള്ള അവാർഡ് കൊടുത്തു. ഇദ്ദേഹത്തിൻ്റെ മകനായ വൽസൻ ഏബ്രഹാമിൻ്റെ വരുമാനം എത്രയെന്നറിയാൻ എട്ടാം പേജ് നോക്കുക. ഇവരൊക്കെ ജോലി ചെയ്തോ ബിസിനസ്സ് നടത്തിയോ പണമുണ്ടാക്കുകയാണ് ചെയ്യുന്നതെങ്കിൽ തെറ്റില്ല. പക്ഷേ അതല്ല വസ്തുത. ഇന്ത്യയെ സുവിശേഷീകരിക്കാനെന്ന പേരിൽ വിദേശത്തുനിന്ന് പണം പിരിച്ചെടുത്ത് കീശയിലാക്കുകയാണ് ഇവർ ചെയ്യുന്നത്. ഇന്ത്യയുടെ ദാരിദ്ര്യം വിദേശത്തു വിറ്റ് ഇവർ പണക്കാരാകുകയാണ്.

സഭയുടെ നേതാവ് എന്തു ചെയ്താലും ചോദ്യം ചെയ്യാൻ പാടില്ല എന്നാണ് സാധാരണക്കാരായ പെന്തക്കോസ്തുകാർ ധരിച്ചു വെച്ചിരിക്കുന്നത്. ദൈവം സഭാനേതാവിൻ്റെ സ്വന്തം. ദൈവത്തിന് കൊടുക്കാൻ ഉദ്ദേശിക്കുന്നതെല്ലാം സഭാനേതാവിന് കൊടുക്കുക. നേതാവിൻ്റെ സന്തോഷമാണ് ദൈവത്തിൻ്റെ സന്തോഷം. നേതാവിനെതിരെ സംസാരിച്ചാൽ ദൈവം കോപിക്കും. സാധാരണക്കാരായ പെന്തക്കോസ്തുകാർ ഈ വിധത്തിലുള്ള വിഡ്ഢിത്തങ്ങൾ വിശ്വസിക്കുന്നിടത്തോളം കാലം പെന്തക്കോസ്ത് സഭകളിലെ അഴിമതിയും വ്യഭിചാരവും പണാപഹരണവും അവസാനിക്കയില്ല. ഈ നില തുടർന്നാൽ പെന്തക്കോസ്ത് സഭകൾ ഏറെ താമസിയാതെ കള്ളൻമാരുടെ ഗുഹയാകും.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ജില്ല തിരിച്ച് കെട്ടുകളാക്കി പെരുമ്പാവൂർ പോസ്റ്റ് ഓഫീസിൽ കൊടുക്കയാണ് ചെയ്യുന്നത്. സീലടിച്ച് അവർ അത് അയക്കയും ചെയ്യുന്നു. ഇവിടെ പത്രം നഷ്ടപ്പെടുന്നില്ല. അതുകൊണ്ട് പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ
വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

ഏറെ പ്രതീക്ഷയോടെയാണ് ഇടതുമുന്നണി സർക്കാരിനെ ജനം അധികാരത്തിൽ ഏറ്റിയത്. പ്രതിപക്ഷ നേതാവെന്ന നിലയിൽ വി.എസ്.അച്യുതാനന്ദൻ ജനകീയ പ്രശ്നങ്ങളിൽ എടുത്ത നിലപാടുകൾ ഇടതുപക്ഷത്തിൻ്റെ വിജയത്തിന് ഏറെ സഹായകമായി. അച്യുതാനന്ദന് സ്ഥാനാർത്ഥിത്വം നിഷേധിച്ചപ്പോൾ കക്ഷിഭേദമില്ലാതെ ജനം പ്രതികരിച്ചതും അതുകൊണ്ടുതന്നെ. മുഖ്യമന്ത്രിയെന്ന നിലയിൽ അച്യുതാനന്ദൻ ജനോപകാരപ്രദമായ തീരുമാനങ്ങൾ എടുക്കും എന്നു തന്നെയാണ് പൊതുവെയുള്ള വിശ്വാസം. എന്നാൽ ഭരണം ഏറ്റ് ആഴ്ചകൾ പലതു കഴിഞ്ഞിട്ടും വഞ്ചി തിരുനക്കരെത്തന്നെ നിൽക്കുന്നു.

പ്രാധാന്യമുള്ള ഏതു വിഷയത്തേക്കുറിച്ചു ചോദിച്ചാലും "പഠിച്ചുകൊണ്ടിരിക്കുന്നു" എന്ന മറുപടിയാണ് ലഭിക്കുന്നത്. വേണ്ടത്ര പഠനങ്ങൾ നടത്താതെ ഒരു തീരുമാനവും എടുക്കാൻ പാടില്ല. പക്ഷേ പഠനം അനന്തമായി നീണ്ടാൽ ജനം പ്രതികരിക്കും. പ്രതിപക്ഷം അത് ആയുധമാക്കും. അകയാൽ പഠനം നടത്തലും നടപടി എടുക്കലും സമയബന്ധിതമായി പൂർത്തിയാക്കണം.

എന്തെല്ലാം കുറ്റം പറഞ്ഞാലും സ്മാർട്ട് സിറ്റി പദ്ധതിയെ ജനം ഏറെ പ്രതീക്ഷയോടെയാണ് നോക്കിക്കണ്ടിരുന്നത്. എന്നാൽ ആ പദ്ധതി നടപ്പിലാകുന്ന മട്ടില്ല. സംസ്ഥാന താല്പര്യങ്ങൾ ബലി കഴിച്ചുകൊണ്ടുള്ള വികസനം വേണ്ട എന്ന നയം നല്ലതുതന്നെ. പക്ഷേ സ്മാർട്ട് സിറ്റിയെ സംസ്ഥാനത്തിന് ഗുണകരമാക്കാൻ കഴിയുമോ എന്ന് ഗൗരവത്തിൽ പരിശോധിക്കാൻ ഈ സർക്കാർ ശ്രമിച്ചിട്ടുണ്ടോ എന്ന് സംശയമാണ്.

ഇടതുപക്ഷ സർക്കാർ തൊഴിലാളികൾക്ക് അനുകൂലമായ തീരുമാനങ്ങൾ എടുക്കുന്നത് സ്വാഭാവികം. പക്ഷേ അത്തരം തീരുമാനങ്ങൾ സാധാരണക്കാരെ വലയ്ക്കുന്ന വിധത്തിലുള്ളവ ആകാതെ നോക്കണം. ചുമട്ടു തൊഴിലാളി നിയമം നടപ്പിലാക്കില്ലെന്ന പ്രഖ്യാപനം ഉയർത്തിയ വിവാദങ്ങൾ കണ്ടില്ലെന്നു നടിക്കരുത്. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം സാധാരണ പൗരൻ്റെ അവകാശങ്ങളും സംരക്ഷിക്കാൻ ഈ സർക്കാരിന് കഴിയണം. പഠിച്ചുകൊണ്ടിരിക്കുന്നു എന്ന സ്ഥിരം പല്ലവി പാടിക്കൊണ്ട് കാലം കഴിച്ചാൽ സർക്കാരിന് ജനപിൻതുണ നഷ്ടമാകും.

ഇടതുമുന്നണി സർക്കാരിൻ്റെ ആദ്യ ബജറ്റ് അത്ര മോശമാണെന്ന് പറയാനാവില്ല. പതിവുപോലെ പ്രതിപക്ഷം എതിർക്കുന്നു. അത് സ്വാഭാവികം. സ്വർണ്ണത്തിനുള്ള നികുതി വർദ്ധിപ്പിച്ചതിൽ ജ്വല്ലറി ഉടമകൾ പ്രതിഷേധിക്കുന്നതും തെറ്റല്ല. ഇതൊക്കെ മാറ്റി നിർത്തിയാൽ ബജറ്റ് സാമാന്യം തൃപ്തികരം.

ഏതു നികുതി വർദ്ധിപ്പിച്ചാലും കാലിയാകുന്നത് പൊതുജനങ്ങളുടെ പോക്കറ്റാണ്. കേബിൾ ടി.വിക്കാരുടെ മേൽ ചുമത്തിയിരിക്കുന്ന നികുതി കേബിൾ ടി.വിക്കാർ സ്വന്തം പോക്കറ്റിൽ നിന്നും എടുത്തു കൊടുക്കുമോ? ഇല്ലെന്നു തീർച്ച. അവർ വരിസംഖ്യ വർദ്ധിപ്പിക്കും. ആഡംബര വസ്തുക്കളുടെ നികുതി വർദ്ധിപ്പിച്ചതുകൊണ്ട് ജനം അവ വാങ്ങുന്നത് നിർത്തുമോ? ഇല്ലെന്നു വ്യക്തം. വർദ്ധിപ്പിച്ച നികുതി കൊടുത്ത് അവയെല്ലാം വാങ്ങും. സംസ്ഥാനത്തിൻ്റെ അതിർത്തി പ്രദേശത്തുള്ളവർ കുറഞ്ഞ നികുതിയുള്ള അടുത്തുള്ള സംസ്ഥാനത്ത് പോയി ആഭരണങ്ങൾ വാങ്ങിയേക്കാം. എന്നാൽ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാർ ഉയർന്ന നികുതി കൊടുത്ത് കേരളത്തിൽ നിന്നുതന്നെ സ്വർണ്ണം വാങ്ങും. ചുരുക്കി പറഞ്ഞാൽ നികുതി വർദ്ധനവിൻ്റെ ഭാരം മുഴുവൻ ജനം ചുമക്കും. എന്നെന്നും ഇതുതന്നെയായിരുന്നു സ്ഥിതി. ഇത് തുടരുകയും ചെയ്യും.

ഡി.ഐ.സി. ഉണ്ടാക്കാൻ ഇടയാക്കിയ സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നു എന്ന് മുരളീധർജി പറയുന്നു. സംഗതി ശരിയാണ്. ലീഡർ പറയുന്നതെന്തും കോൺഗ്രസ്സുകാർ ചോദ്യം ചെയ്യാതെ അനുസരിക്കാൻ തയ്യാറായാൽ പ്രശ്നം തീരും. അതിന് ഭൂരിപക്ഷം കോൺഗ്രസ്സുകാരും തയ്യാറല്ല. അതുകൊണ്ടാണ് ലീഡറും പുത്രനും കൂടി സ്വന്തം പാർട്ടി ഉണ്ടാക്കിയത്. ലീഡർ പറയുന്നതെല്ലാം അനുസരിക്കാൻ കോൺഗ്രസ്സുകാർ ഇപ്പോഴും തയ്യാറല്ല. അതുകൊണ്ടാണ് സാഹചര്യം മാറിയിട്ടില്ല എന്ന് മുരളീധരൻ പറയുന്നത്.

ഡി.ഐ.സി. ഒരു പാർട്ടിയിലും ലയിക്കയില്ല എന്ന് ലീഡറും പുത്രനും ഇടയ്ക്കൊക്കെ പറഞ്ഞുകൊണ്ടിരിക്കുന്നതിൻ്റെ ഗുട്ടൻസ് പിടികിട്ടിയില്ല. ലയിക്കാൻ താല്പര്യമുണ്ടോ എന്നു ചോദിച്ച് അടുത്ത കാലത്തൊന്നും ഡി.ഐ.സിയെ ആരും സമീപിച്ചതായി അറിവില്ല. പക്ഷേ ലയിക്കാൻ തയ്യാറല്ല എന്ന് ഡി.ഐ.സി. നിരന്തരം പറയുകയും ചെയ്യുന്നു. എവിടെയെങ്കിലും ഒന്നു ലയിച്ച് നാണക്കേട് ഒഴിവാക്കണമെന്ന് ലീഡർക്കും കൂട്ടർക്കും മോഹമുണ്ടെന്ന് വ്യക്തം. എന്നാൽ ഉടനെയൊന്നും ആ മോഹം പൂവണിയുന്ന ലക്ഷണമില്ല.

മൂന്നാം മുന്നണിയെന്ന സി.പി.എം. മോഹം വീണ്ടും വാടിക്കരിയുകയാണോ? ഇത്തവണ ഒരു മൂന്നാം മുന്നണി ഉണ്ടാക്കിയിട്ടുതന്നെ കാര്യം എന്ന വാശിയിലായിരുന്നു സി.പി.എം. അതിനായി മുലായവുമായി ചർച്ച നടത്തുകയും ചെയ്തു. പക്ഷേ, ഇപ്പോൾ ഒരു മൂന്നാം മുന്നണി ഉണ്ടാക്കേണ്ട ആവശ്യമില്ല എന്ന് സി.പി.ഐ. തറപ്പിച്ചു പറയുന്നു. ഈ സാഹചര്യത്തിൽ മൂന്നാം മുന്നണി ഉണ്ടാക്കാൻ ഇറങ്ങി പുറപ്പെട്ടാൽ മൂന്നിനു പകരം നാലോ അഞ്ചോ മുന്നണി ഉണ്ടാകുമെന്ന് തീർച്ച.

പെട്രോൾ – ഡീസൽ വില വർദ്ധനയ്ക്കെതിരെ ഹർത്താലും പണിമുടക്കും ഒക്കെ നടത്തിയ ചങ്ങാതിമാരെ ഇപ്പോൾ കാണാനില്ല. രണ്ടു ദിവസം ജനത്തെ കഷ്ടപ്പെടുത്തിയത് മിച്ചം. കുറെ കാലമായി ഇതുതന്നെ സ്ഥിതി. കേന്ദ്ര സർക്കാർ പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധിപ്പിക്കും. ഉടൻ ഒരു ഹർത്താൽ ഉറപ്പ്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഹർത്താൽ ഉണ്ടായില്ലെങ്കിലും കേരളത്തിൽ മിനിമം ഒരു ഹർത്താലെങ്കിലുമുണ്ടാകും. ഇത്തവണ രണ്ടെണ്ണം ഉണ്ടായി. ഒന്നിൻ്റെ പേര് പണിമുടക്ക് എന്നായിരുന്നു എന്നു മാത്രം.

എല്ലാവിധ അച്ചടി ജോലികൾക്കും സമീപിക്കുക

പുസ്തകങ്ങൾ, ലഘുലേഖകൾ, ബ്രോഷറുകൾ തുടങ്ങിയവയുടെ ഡി.റ്റി.പി., എഡിറ്റിംഗ്, പ്രിൻ്റിംഗ് തുടങ്ങിയ എല്ലാ ജോലികളും ചെയ്യുന്നതാണ്.

ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന.

പെരുമ്പാവൂർ പ്രിൻ്റേഴ്സ്

ബസ്റ്റ് കോംപ്ലക്സ്

കെ.എസ്.ആർ.ടി.സിക്ക് സമീപം

പെരുമ്പാവൂർ. ഫോൺ : 0484-3232356, 9447414608

# സൈബർ കേസ്സ് ഉണ്ടായതെങ്ങനെ?

സൈബർ കേസ്സിൽ ടി.എസ്. ബാലനും മകനും ഏഴു വർഷം വീതം തടവും 35,000 രൂപ പിഴയും ശിക്ഷ ലഭിച്ച വാർത്ത എല്ലാ പത്രങ്ങളിലും വന്നിരുന്നു. ഈ വിഷയത്തോടുള്ള ബന്ധത്തിൽ പ്രതികൾക്ക് എന്തെങ്കിലും പറയാനുണ്ടോ എന്ന് ഭൂരിപക്ഷം പത്രക്കാരും അന്വേഷിച്ചില്ല. അതുകൊണ്ട് സംഭവത്തിന്റെ ഒരു വശം മാത്രമേ ജനം അറിഞ്ഞുള്ളൂ. ശുദ്ധ വിഡ്ഢിത്തങ്ങൾ പത്രക്കാർ എഴുതി വിടുകയും ചെയ്തു. സത്യം പറയാൻ എനിക്ക് സ്വന്തം പത്രമായ ഡിഫെൻഡർ മാത്രമേയുള്ളൂ. അതുകൊണ്ട് ഇന്റർനെറ്റ് കേസ്സിനേക്കുറിച്ച് ഈ ലക്കത്തിൽ വിവരിക്കയാണ്.

ഞാൻ ജനിച്ചതും വളർന്നതും ഒരു നായർ കുടുംബത്തിലാണ്. ബാലകൃഷ്ണൻ നായർ എന്നാണ് എന്റെ മുഴുവൻ പേര്. ബാലൻ എന്ന് സുഹൃത്തുക്കൾ വിളിക്കുന്നു. ചെറുപ്പകാലത്തു തന്നെ ഞാൻ ഒരു യുക്തിവാദിയായി മാറി. മതത്തിലോ ദൈവത്തിലോ ഉള്ള വിശ്വാസം നഷ്ടപ്പെട്ടു. എങ്കിലും ഞാൻ വിവിധ മതങ്ങളേക്കുറിച്ച് പഠിച്ചുകൊണ്ടിരുന്നു. അക്കൂട്ടത്തിൽ ബൈബിളും പഠിച്ചു. എനിക്ക് 17 വയസ്സുള്ളപ്പോൾ ഞാൻ യേശുക്രിസ്തുവിലേക്ക് ആകർഷിക്കപ്പെട്ടു. (അതിന്റെ വിശദാംശങ്ങളിലേക്ക് ഇപ്പോൾ കടക്കുന്നില്ല). ഒന്നാം നൂറ്റാണ്ടിലെ ദൈവസഭയോട് ഏറ്റവും അടുത്ത വിശ്വാസപ്രമാണങ്ങളുള്ള ക്രൈസ്തവ വിഭാഗം എന്ന നിലയിൽ പെന്തക്കോസ്ത് സഭകളുമായി സഹകരിക്കയും ചെയ്തു.

1984ൽ എനിക്ക് നാഗാലാന്റിൽ ഒരു ജോലി ലഭിച്ചു. 1992 വരെ ഞാൻ അവിടെയായിരുന്നു. ആ കഥ ഞാൻ വിശദമായി ഡിഫെൻഡറിൽ എഴുതുന്നുണ്ടല്ലോ. സുവിശേഷ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള താല്പര്യം നിമിത്തം ഞാൻ നാഗാലാന്റിലെ ജോലി മതിയാക്കി 1993ൽ കേരളത്തിലെത്തി. പത്തനംതിട്ട ജില്ലയിലെ വെണ്ണിക്കുളത്തുള്ള ഒരു ഹയർ സെക്കന്ററി സ്കൂളിൽ ജോലി നോക്കുകയും അതോടൊപ്പം സുവിശേഷ പ്രവർത്തനം നടത്തുകയും ചെയ്തു. 1996ൽ ആ ജോലിയും രാജി വെച്ച് പൂർണ്ണ സമയ സുവിശേഷകനായി.

യേശുക്രിസ്തുവിന്റെ ശിഷ്യന്മാരുടെ കൂട്ടത്തിൽ യൂദാ എന്നൊരു കള്ളൻ ഉണ്ടായിരുന്നതുപോലെ പെന്തക്കോസ്തിലും കള്ളന്മാരുണ്ടെന്ന് ഞാൻ വളരെ വൈകിയാണ് അറിഞ്ഞത്. സാധുക്കളായ നിരവധി വിശ്വാസികളും പ്രവർത്തകരും പെന്തക്കോസ്തിലുണ്ടെങ്കിലും നേതാക്കന്മാരിൽ ഭൂരിപക്ഷവും യൂദാസിന്റെ പിൻതുടർച്ചക്കാരാണ്. വ്യഭിചാരം, സാമ്പത്തിക വെട്ടിപ്പ് തുടങ്ങിയതൊക്കെയാണ് ഇവരുടെ മുഖ്യ പരിപാടി. എതിർക്കാൻ ധൈര്യപ്പെടുന്നവനെ ഏതു മാർഗ്ഗം ഉപയോഗിച്ചും അവർ തകർക്കും. സൈബർ കേസ്സിൽ സംഭവിച്ചതും ഇതുതന്നെ.

പെന്തക്കോസ്തിലെ തട്ടിപ്പുകളിൽ ആദ്യം എന്റെ ശ്രദ്ധയിൽ വന്നത് പ്രജാപതി വിഷയമാണ്. ഈ തട്ടിപ്പ് പെന്തക്കോസ്തുകാരുടെ കുത്തകയല്ല. പോട്ട ഉൾപ്പെടെ നിരവധി സ്ഥലങ്ങളിൽ ഈ ഭോഷ്ക്ക് പ്രചാരത്തിലുണ്ട്. സംഭവം എന്തെന്ന് ചുരുക്കി പറയാം.

ഹൈന്ദവ വേദങ്ങളിൽ പ്രജാപതി എന്നൊരു ദേവനേക്കുറിച്ച് പറയുന്നുണ്ട്. അത് യേശുക്രിസ്തുവാണ്. ഈ ദേവൻ കന്യകയുടെ മകനാണ്. മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി മരിച്ച് ഉയിർത്തു. അതുകൊണ്ട് എല്ലാ ഹിന്ദുക്കളും യേശുക്രിസ്തുവിൽ വിശ്വസിക്കണം. ഇതാണ് പ്രജാപതിക്കാർ പറയുന്നതിന്റെ രത്നച്ചുരുക്കം.

വേദത്തിൽ ഇങ്ങനെ പറയുന്നുണ്ടോ എന്ന് അറിയാനായി ഞാൻ ഒരു അന്വേഷണം നടത്തി. ഋഗ്വേദം പത്താം മണ്ഡലം 90-ാം സൂക്തത്തിൽ



ടി.എസ്.ഏബ്രഹാം



വൽസൻ ഏബ്രഹാം

പ്രജാപതിയേക്കുറിച്ച് പറയുന്നുണ്ട്. പക്ഷേ പ്രജാപതിക്ക് ഉള്ളതായി പെന്തക്കോസ്തുകാർ പറയുന്ന ഒരു ലക്ഷണവും ഋഗ്വേദത്തിലെന്നല്ല ഒരു ഹൈന്ദവ ഗ്രന്ഥത്തിലും ഇല്ല എന്ന് ഞാൻ കണ്ടെത്തി. ഇത് ഞാൻ തുറന്നു പറഞ്ഞതോടെ ഭൂരിപക്ഷം പെന്തക്കോസ്തുകാരും എനിക്ക് എതിരായി. സുവിശേഷ പ്രവർത്തനത്തെ തകർക്കാനായി എത്തിയ ആർ.എസ്.എസ്. ചാരനാണ് ഞാൻ എന്നത്രേ അവർ പ്രചരിപ്പിച്ചത്. എന്നേക്കുറിച്ച് എന്തൊക്കെ പറഞ്ഞാലും വേദത്തിൽ ഇല്ലാത്തത് ഉണ്ടെന്ന് പ്രചരിപ്പിച്ച് ഹിന്ദുക്കളെ വഞ്ചിക്കുന്ന പരിപാടി പറ്റില്ല എന്ന നിലപാടിൽ ഞാൻ ഉറച്ചു നിന്നു. മാത്രമല്ല, ഈ വിഷയത്തേക്കുറിച്ച് വിശദീകരിച്ചുകൊണ്ട് "പ്രജാപതി ക്രിസ്തുവല്ല" എന്നൊരു പുസ്തകവും ഞാൻ എഴുതി. അതോടെ ഞാൻ പെന്തക്കോസ്ത് നേതാക്കന്മാരുടെ കണ്ണിലെ കരടായി. എന്നെ എങ്ങനെയെങ്കിലും തകർക്കാനുള്ള ശ്രമം അവർ ആരംഭിച്ചു. എങ്കിലും പെന്തക്കോസ്തിലെ നിഷ്ക്കളങ്കരായ വിശ്വാസികൾ എനിക്ക് പിൻതുണ തന്നു.

പെന്തക്കോസ്തിലെ ദുർന്നടപടികൾക്കെതിരെ പ്രതികരിക്കുന്നതിന് ഞാൻ 1997ൽ "ഡിഫെൻഡർ" എന്ന ഈ പത്രം തുടങ്ങി. മാസത്തിൽ ഒന്ന് എന്ന ക്രമത്തിനാണ് ആദ്യ കാലങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നത്. ഇപ്പോൾ ദ്വൈവാരികയാണ്. ഈ പത്രത്തിലൂടെ ഞാൻ പ്രജാപതിക്കെതിരെ രണ്ടു വർഷത്തോളം തുടർച്ചയായി എഴുതി. അങ്ങനെ പ്രജാപതിയെന്ന കള്ള ക്രിസ്തു പെന്തക്കോസ്തിൽ നിന്ന് ഔട്ടായി. എങ്കിലും ഈ വിഡ്ഢിത്തം ഇപ്പോഴും പോട്ടയിലും മറ്റും പ്രസംഗിക്കപ്പെടുന്നുണ്ട്.

ഞാൻ പ്രജാപതിയുടെ കഥ കഴിച്ചത് പെന്തക്കോസ്തിലെ കള്ളന്മാർക്ക് സഹിക്കാവുന്നതിലും അധികമായിരുന്നു. അവർ എനിക്കെതിരെ ആഞ്ഞടിച്ചു. ആർ.എസ്.എസ്. ചാരനായി എന്നെ മുദ്രകുത്തി. ഞാൻ സുവിശേഷത്തിന്റെ ശത്രുവാണ് എന്ന് പ്രചരിപ്പിച്ചു. അത് വിശ്വസിക്കാൻ ഒട്ടേറെ ആളുണ്ടായി. ഞാൻ ഏറെക്കുറെ ഒറ്റപ്പെട്ടു.

പെന്തക്കോസ്തിലെ ചില പ്രസംഗകരുടെ വഴിവിട്ട ജീവിതം എന്റെ ശ്രദ്ധയിൽ പെട്ടത് ഈ കാലത്താണ്. സുരേഷ് ബാബു എന്നൊരാളാണ് ഇവരിൽ പ്രമുഖൻ. കാട്ടാക്കട സ്വദേശിയായ ഇയാൾ മദ്രാസ് ഐ.ഐ.ടിയിൽ നിന്നും ബി.ടെക് ബിരുദം എടുത്ത ആളാണെന്നും രോഗശാന്തി നടത്താനുള്ള വരമുള്ളവനാണെന്നും ഒക്കെയാണ് പ്രചരണം. പക്ഷേ ഇയാളുടെ ഏറ്റവും കൂടിയ വിദ്യാഭ്യാസം പ്രീഡിഗ്രിയാണെന്നും രോഗശാന്തിയുടെ പേരിൽ തട്ടിപ്പ് നടത്തുകയാണെന്നും അന്വേഷണത്തിൽ തെളിഞ്ഞു. മാത്രമല്ല ഇയാൾക്ക് നിരവധി സ്ത്രീകളുമായി അവിഹിത ബന്ധമുണ്ടെന്നും ആ വകയിൽ കുട്ടികളുണ്ടെന്നും കണ്ടെത്തി. ഈ വിവരങ്ങളൊക്കെ ഞാൻ പത്രത്തിൽ എഴുതിയതോടെ ആകാശം ഇടിഞ്ഞുവീണു എന്നു പറയാം. ഇന്റർനെറ്റ് കേസ്സിലേക്ക് നയിച്ച സാഹചര്യം വിശദീകരിക്കാനാണ് ഞാൻ ഇതൊക്കെ പറഞ്ഞ്. ഇനി കേസ്സുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദീകരിക്കാം.

കുമ്പനാട് സ്വദേശിയായ പാസ്റ്റർ ടി.എസ്.ഏബ്രഹാം എന്ന വ്യക്തി 2002 മാർച്ച് 5ന് പോലീസിൽ കൊടുത്ത കേസ്സാണ് സൈബർ കേസ്സായി വളർന്നത്. അതേപ്പറ്റി പറയുന്നതിനു മുൻപായി ടി.എസ്.ഏബ്രഹാമിനേക്കുറിച്ച് ചിലതെല്ലാം അറിഞ്ഞിരിക്കണം. നിരവധി പെന്തക്കോസ്ത് സംഘടനകൾ ഉള്ളതിൽ ഒന്നാണ് ഐ.പി.സി എന്ന പേരിൽ അറിയപ്പെടുന്ന ഇന്ത്യൻ പെന്തക്കോസ്ത് ദൈവസഭ. അതിന്റെ ഇപ്പോഴത്തെ പ്രസിഡന്റാണ് ടി.എസ്.ഏബ്രഹാം. ഇദ്ദേഹത്തിന്റെ മകനാണ് അമേരിക്കൻ മലയാളിയായ വൽസൻ ഏബ്രഹാം. ഇവർ ദൈവഭക്തരും മാതൃകാജീവിതം നയിക്കുന്നവരുമാണ് എന്നത്രേ ഞാൻ കരുതിയിരുന്നത്. അതുകൊണ്ട് ഇവരെ ഞാൻ ബഹുമാനിക്കയും ചെയ്തിരുന്നു.

ആറു വർഷം മുൻപ് ഹിന്ദുവിശ്വയിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനം എന്റെ ശ്രദ്ധയിൽ പെട്ടു. (ഈ ലേഖനം പിന്നീട് മസ്ദൂർ ഭാരതിയിൽ വരുകയും ചെയ്തു). കുമ്പനാട് ഐ.പി.സിയുടെ പ്രസിഡന്റായ ടി.എസ്.ഏബ്രഹാമിന്റെ ദുർന്നടപടികളേക്കുറിച്ച് ഈ ലേഖനത്തിൽ വിശദമായി എഴുതിയിരുന്നു. ടി.എസ്.ഏബ്രഹാം കോടിക്കണക്കിന് രൂപ വെട്ടിച്ചതും വനിതാ ബൈബിൾ കോളേജിൽ പഠിക്കാനെത്തുന്ന പെൺകുട്ടികളെ ലൈംഗികമായി പീഡിപ്പിക്കുന്നതും മറ്റുമായിരുന്നു ലേഖനത്തിൽ ഉണ്ടായിരുന്നത്. കുളത്തൂപ്പുഴക്കാരിയായ ഒരു പെൺകുട്ടി ഗർഭിണിയായതും ഗർഭം അലസിപ്പിച്ച് തലയൂരിയതും ലേഖനത്തിൽ വിവരിച്ചിരുന്നു. പക്ഷേ ഇതൊക്കെ വെറും കെട്ടുകഥയാണെന്നത്രേ എനിക്കു തോന്നിയത്. അതുകൊണ്ട് ഇത് പ്രസിദ്ധീകരിച്ചവർക്കെതിരെ മാനനഷ്ടക്കേസ് കൊടുക്കണമെന്ന് ആവശ്യപ്പെട്ട് ഞാൻ ടി.എസ്.ഏബ്രഹാമിന് കത്തെഴുതി. എന്നാൽ ടി.എസ്.ഏബ്രഹാം പ്രതികരിച്ചില്ല.

ടി.എസ്.ഏബ്രഹാമിന്റെ മൗനം എന്നിൽ സംശയം ജനിപ്പിച്ചു. അതുകൊണ്ട് ഞാൻ വീണ്ടും അദ്ദേഹത്തിന് കത്തെഴുതി. ലേഖനത്തിൽ പറയുന്ന കാര്യങ്ങൾ സത്യമാണെങ്കിൽ ടി.എസ്.ഏബ്രഹാം രാജിവെച്ച് പുറത്തു പോകണമെന്നും ലേഖനത്തിലെ ആരോപണങ്ങൾ വ്യാജമാണെങ്കിൽ മാനനഷ്ടക്കേസ് കൊടുക്കണമെന്നും ഞാൻ തീർത്തു പറഞ്ഞു. ആ കത്തിനും മറുപടി കിട്ടിയില്ല. അതോടെ എനിക്ക് ഒരു കാര്യം ബോദ്ധ്യമായി. ഹിന്ദുവിശ്വയിലെ ലേഖനത്തിൽ പറയുന്ന കാര്യങ്ങൾ സത്യമാണ്. ടി.എസ്.ഏബ്രഹാം നീചനാണ്. ഇയാൾ ഇനി ഒരു പെന്തക്കോസ്ത് സംഘടനയുടെ പ്രസിഡന്റായി ഇരിക്കരുത്. ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് ഐ.പി.സിയുടെ എല്ലാ ഭാരവാഹികൾക്കും ഞാൻ കത്തയച്ചു. അവരും പ്രതികരിച്ചില്ല. അതുകൊണ്ട് ഈ വിഷയത്തേക്കുറിച്ച് ഞാൻ ഡിഫെൻഡറിൽ എഴുതി. അതോടെ പെന്തക്കോസ്ത് നേതാക്കന്മാരുടെ വിശ്വരൂപം പുറത്തുവന്നു. കത്തിലൂടെയും ഫോണിലൂടെയും അവർ തെറിയഭിഷേകം നടത്തി. എന്നെ കൊന്നുകളയുമെന്നുവരെ ഭീഷണിയുണ്ടായി.

അക്കാലത്ത് ഐ.പി.സിയുടെ കേരളാ സ്റ്റേറ്റ് സെക്രട്ടറി ആയിരുന്നു പാസ്റ്റർ കെ.സി.ജോണിനെ ഞാൻ ഒരു ദിവസം തിരുവല്ലയിൽ വെച്ച് കണ്ടു. ടി.എസ്.ഏബ്രഹാമിനെതിരെ എന്തുകൊണ്ട് നടപടി എടുക്കുന്നില്ല എന്ന് ഞാൻ അദ്ദേഹത്തോട് ചോദിച്ചു. പണവും സ്വാധീനവുമുള്ള ടി.എസ്.ഏബ്രഹാമിനെതിരെ ഐ.പി.സിയിലുള്ള ആരും വായ് തുറക്കുകയില്ല എന്ന് കെ.സി.ജോൺ വ്യക്തമാക്കി. മാത്രമല്ല, കുളത്തൂപ്പുഴക്കാരിയുടെ സംഭവം ആദ്യത്തേതല്ല എന്നും അദ്ദേഹം പറഞ്ഞു. വ്യഭിചാരം ടി.എസ്.ഏബ്രഹാമിന്റെ ജീവിതത്തിന്റെ ഭാഗമാണ്. ബൈബിൾ കോളേജിൽ പഠിക്കാൻ വന്നിട്ടുള്ള പെൺകുട്ടികളിൽ വളരെ കുറച്ചുപേർ മാത്രമേ ടി.എസ്.ഏബ്രഹാമിന്റെ പീഢനത്തിന് ഇരയാകാതെ രക്ഷപെട്ടിട്ടുള്ളൂ. ബംഗ്ലാവ് ഡ്യൂട്ടി എന്ന പേരിൽ രാത്രി 10 മണി കഴിഞ്ഞ് പെൺകുട്ടികളെ സ്വന്തം ബംഗ്ലാവിൽ വിളിച്ചു വരുത്തിയാണ് ലൈംഗിക പീഢനം നടത്തുന്നത്. പണം, വസ്ത്രം തുടങ്ങി പലതും നൽകി പെൺകുട്ടികളുടെ വായ് അടയ്ക്കുകയും ചെയ്യും. ദൈവത്തിന്റെ പ്രതിപുരുഷനായ ടി.എസ്.ഏബ്രഹാമിനെതിരെ ശബ്ദിച്ചാൽ ദൈവം കോപിക്കും എന്നാണ് ഈ പാവം പെൺകുട്ടികൾ ധരിച്ചുവെച്ചിരിക്കുന്നത്. അതുകൊണ്ട് അവർ നിശബ്ദത പാലിച്ചു. എങ്കിലും ഈ ഹീനകൃത്യങ്ങളുമായി പൊരുത്തപ്പെടാൻ തയ്യാറാകാത്തവരും ഉണ്ടായിരുന്നു. അവർ പഠിപ്പ് നിർത്തി വീട്ടിലേക്ക് മടങ്ങും. ഇങ്ങനെ ഒട്ടേറെ കാര്യങ്ങൾ അന്ന് കെ.സി.ജോൺ എന്നോട് പറഞ്ഞു.

ഈ കഥകളൊക്കെ കേട്ട് ഞാൻ തരിച്ചിരുന്നു. ഇതൊന്നും എനിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് ഞാൻ ചില അന്വേഷണങ്ങളൊക്കെ നടത്തി. കെ.സി.ജോൺ പറഞ്ഞതൊക്കെ സത്യമാണെന്ന് തെളിഞ്ഞു. അതോടൊപ്പം വിചിത്രമായ മറ്റൊരു സത്യവും പുറത്തുവന്നു. കെ.സി.ജോണും മേല്പടി തന്നെ. ടി.എസ്.ഏബ്രഹാമിനേപ്പോലെതന്നെയുള്ള ഒരു വ്യഭിചാരിയാണ് പാസ്റ്റർ കെ.സി.ജോൺ. തരം കിട്ടുന്നിടത്തെല്ലാം വ്യഭിചരിക്കും. കോളേജിൽ പഠിച്ചിരുന്ന കാലത്ത് ഒരു റെയിൽവേ ഉദ്യോഗസ്ഥന്റെ ഭാര്യയുമായി കെ.സി.ജോൺ അവിഹിതബന്ധം പുലർത്തിയിരുന്നു. പിന്നീട് ആ സ്ത്രീയുടെ മകളെ വിവാഹം കഴിച്ചു. അമ്മയേയും മകളേയും ഒരേസമയം ഭാര്യയായി വെച്ചുകൊണ്ടിരിക്കാമെന്നതായിരുന്നു പദ്ധതി. പക്ഷേ അത് ഭാര്യയ്ക്ക് ഇഷ്ടമായില്ല. അതുകൊണ്ട് അമ്മായിയമ്മയെ ഉപേക്ഷിച്ചു.

പെന്തക്കോസ്ത് സഭകളുടെ തലപ്പത്തിരിക്കുന്നത് ഇത്തരം നീചന്മാരാണെന്ന വസ്തുത സാധാരണക്കാരും സാധുക്കളുമായ വിശ്വാസികളെ എന്റെ പത്രമായ ഡിഫെൻഡറിലൂടെ അറിയിക്കാൻ ഞാൻ തീരുമാനിച്ചു. അങ്ങനെ ഞാൻ ഇതൊക്കെ പത്രത്തിൽ എഴുതി. പിന്നീട് എന്തുണ്ടായി? അത് അഞ്ചാം പേജിൽ വായിക്കുക.

# എസ്.ഏബ്രഹാമിനോട് വിയോജിക്കുന്നു

എസ്.ഏബ്രഹാം എന്നത് ടി.എസ്.ഏബ്രഹാം അല്ല എന്ന് പ്രാരംഭത്തിൽ തന്നെ വ്യക്തമാക്കട്ടെ. മരുപ്പച്ച ദൈ്വവാരികയുടെ ജൂൺ 5 ലക്കത്തിൽ ''മുന്നറിയിപ്പുകളെ അവഗണിക്കരുത്'' എന്ന ലേഖനം എഴുതിയ എസ്.ഏബ്രഹാമിനോട് വിയോജിക്കുന്ന കാര്യമാണ് പറഞ്ഞുവരുന്നത്. ഡാവിഞ്ചി കോഡിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവരേയും ദൈവം ഈ ലോകത്തുവെച്ചുതന്നെ ശിക്ഷിക്കും എന്നാണ് എസ്.ഏബ്രഹാം പറയുന്നത്. ഈ നിലപാടിനോട് വിയോജിക്കാതെ പറ്റില്ല.

ഇരുപതുകൂട്ടം കാര്യങ്ങൾ ലേഖകൻ അക്കമിട്ട് പറയുന്നു. അവയ്ക്ക് ക്രമത്തിൽ മറുപടി പറയാം:

1. നോഹയുടെ കാലത്ത് ജലപ്രളയം ഉണ്ടായതായി ബൈബിൾ പറയുന്നു. പക്ഷേ മനുഷ്യവർഗ്ഗം മുഴുവൻ പാപം ചെയ്തതിനുള്ള ശിക്ഷയായിരുന്നു അത്. ഡാവിഞ്ചി കോഡുമായി ഇതിനു ബന്ധമില്ല.
2. ഫറവോനും സൈന്യവും ചെങ്കടലിൽ മരിച്ചതും മത്സരികളായ യിസ്രായേല്യർക്ക് ശിക്ഷ കിട്ടിയതും ശരിതന്നെ. പക്ഷേ ഈ പ്രശ്നത്തിന് ഡാവിഞ്ചി കോഡുമായി ഒരുവിധത്തിലുള്ള ബന്ധവുമില്ല.
3. പ്രവാചകനെ മൊട്ടത്തലയാ എന്നു വിളിച്ചവർക്ക് ശിക്ഷ കിട്ടി. പക്ഷേ പ്രവാചകൻമാരെ കൊല്ലുകവരെ ചെയ്ത നൂറുകണക്കിന് ആളുകൾക്ക് ഒരു ശിക്ഷയും കിട്ടാതിരിക്കയും ചെയ്തു.
4. സോക്രട്ടീസിന് വിഷം കൊടുത്ത രാജ്യത്ത് പകർച്ചവ്യാധി ഉണ്ടായി എന്ന വ്യാഖ്യാനം വിചിത്രമായിരിക്കുന്നു. ഇത്തരത്തിൽ ഉള്ള തെറ്റൊന്നും ചെയ്യാത്തവരുടെ രാജ്യത്തും പകർച്ചവ്യാധി ഉണ്ടായിട്ടുണ്ട്.
5. ഡാവിഞ്ചി കോഡും സോദോമിലെ പാപവും തമ്മിൽ ബന്ധമില്ല.
6. ഭൂമി പിളർന്ന് കോരഹിനേയും കൂട്ടരേയും വിഴുങ്ങി. പക്ഷേ അതിനു മുൻപും പിൻപും മത്സരികൾ ഉണ്ടായിരുന്നു. മറ്റാരേയും ഭൂമി വിഴുങ്ങിയില്ല.
7. ക്രിസ്തുവിന്റെ രക്തം തലമുറകളുടെമേൽ വരുത്തിവെച്ച യിസ്രായേൽ ജനം അതിന്റെ ശിക്ഷ അനുഭവിച്ചു എന്ന വാദം ശരിയാണ്.
8. പിലാത്തോസ് മനോരോഗിയായി എന്ന് ബൈബിൾ പറയുന്നില്ല, ഐതിഹ്യമേയുള്ളൂ. ക്രിസ്തുവിനെ ക്രൂശിക്കാനുള്ള വിധി ഹേറോദാസ് നടപ്പിലാക്കി എന്നത് ഒരു പുതിയ അറിവാണ്. ബൈബിളിൽ അങ്ങനെ കാണുന്നില്ല. മാത്രമല്ല, ആ ഹേറോദാവല്ല കൃമിക്കിരയായത്. ഹെരോദാവ് എന്നത് ഒരു വ്യക്തിയുടെ പേരാണ് എന്ന് തെറ്റിദ്ധരിച്ചതാണ് പ്രശ്നം.
9. ക്രിസ്തുവിനെ ക്രൂശിച്ചതുകൊണ്ടാണ് റോമാ സാമ്രാജ്യം തകർന്നതെന്ന വാദം ശുദ്ധ അസംബന്ധമാണ്. യേശുക്രിസ്തുവിനു ശേഷം ആറു നൂറ്റാണ്ടോളം പാശ്ചാത്യ റോമാ സാമ്രാജ്യം നിലനിന്നു. പൗരസ്ത്യ റോമാ സാമ്രാജ്യം അതുകഴിഞ്ഞും നിലനിന്നു.
10. ഇംഗ്ലണ്ടിലെന്നല്ല ലോകത്തെവിടെയായാലും ക്രിസ്തുവിനെ തള്ളിക്കളഞ്ഞിട്ട് ക്രൈസ്തവസഭക്ക് നിലനിൽപ്പില്ല. അതും ഡാവിഞ്ചി വിവാദവുമായി ബന്ധമില്ല.
11. പാവങ്ങളെ അടിമകളാക്കിവെച്ച സവർണ്ണർ കേരളത്തിൽ മാത്രമല്ല ഇന്ത്യയിൽ എമ്പാടും അതിന്റെ വില കൊടുക്കുന്നുണ്ട്. ഇരുപതാം നൂറ്റാണ്ടിലുണ്ടായ സാമൂഹ്യ പരിവർത്തനമാണ് ഇതിനു കാരണം. ഇതിനിടയിൽ ഡാവിഞ്ചിയെ വലിച്ചിടരുത്.
12. ഒറീസ്സയിലെ കടൽ ക്ഷോഭവും ഗ്രഹാം സ്റ്റയിൻസിന്റെ വധവും തമ്മിൽ ബന്ധമില്ല. ഒറീസ്സാക്കാരായ ചിലർ അദ്ദേഹത്തെ വധിച്ചതിന് ആ സംസ്ഥാനത്തുള്ള നിരപരാധികളെ ശിക്ഷിക്കുന്നവനല്ല ദൈവം.
13. ഗുജറാത്തിലെ ഭൂകമ്പവും ക്രൈസ്തവപീഡനവുമായി ബന്ധമില്ല. ക്രൈസ്തവരെ പീഡിപ്പിക്കുന്നിടത്തെല്ലാം പ്രകൃതി ദുരന്തം ഉണ്ടാകാറുമില്ല.
14. റാന്നി പാലം തകർന്നത് ബൈബിൾ കീറിയതുകൊണ്ടാണെന്ന് ഒരു കഥ കുറെ കാലമായി കേൾക്കുന്നു. ലേഖകൻ അത് ആവർത്തിക്കുന്നു. ഈ സംഭവത്തേക്കുറിച്ച് വിശദമായി എഴുതുക. അതുകഴിഞ്ഞിട്ട് ഈ വിഷയത്തേക്കുറിച്ച് വിശദീകരിക്കാം. ഒറ്റ നോട്ടത്തിൽ ഇതൊരു കിഴവിക്കഥയായിട്ടാണ് തോന്നുന്നത്.
15. മദ്യഷാപ്പ് നടത്തിയവരിൽ ചിലർ വലിയ പണക്കാരായിട്ടുണ്ട്. ചിലർ തകർന്നിട്ടുമുണ്ട്. ഏതു ബിസിനസ്സിലും ഇതൊക്കെ പതിവാണ്. മദ്യഷാപ്പുകാരെ ദൈവം തിരഞ്ഞുപിടിച്ച് ശിക്ഷിക്കുന്നതായി അറിവില്ല.
16. പാവങ്ങളെ ചൂഷണം ചെയ്ത ചില കുടുംബങ്ങൾ തകർന്നിട്ടുണ്ട്. മറ്റുള്ളവ അഭിവൃദ്ധിപ്പെട്ടിട്ടുമുണ്ട്. പാവങ്ങളെ സഹായിക്കുന്നത് ജീവിതത്തിന്റെ ഭാഗമാക്കിയവരും തകർന്നിട്ടുണ്ട്. സാമ്പത്തിക ഉയർച്ചയും പുണ്യപ്രവൃത്തിയും തമ്മിൽ എന്തെങ്കിലും ബന്ധമുള്ളതായി തെളിവില്ല.
17. സഭയുടേയും സമൂഹത്തിന്റേയും സമ്പത്ത് കൊള്ളയടിച്ചവരിൽ ചിലർ നശിച്ചിട്ടുണ്ട്. ചിലർ നന്നായിട്ടുമുണ്ട്. കൊള്ളക്കാർ തീർച്ചയായും നശിക്കും എന്നു പറയാൻ തെളിവില്ല.
18. സുവിശേഷത്തിനുള്ള പണം തട്ടിയെടുക്കുന്നവർക്ക് ഈ ലോകത്തിൽ തന്നെ ശിക്ഷ കിട്ടും എന്നു പറയാൻ പറ്റില്ല. പെന്തക്കോസ്തിലെ നേതാക്കൻമാർ തന്നെ നല്ല ഉദാഹരണം.
19. സുവിശേഷവേലക്കുള്ള പണം കൊള്ളയടിക്കുന്നവർ ദൈവമുൻപാകെ കണക്ക് കൊടുക്കേണ്ടതായി വരും. പക്ഷേ കണക്കുകൊടുക്കുന്നത് അവർ ഈ ലോകത്തിൽ ആയിരിക്കുമ്പോൾ തന്നെ ആയിരിക്കും എന്ന് പറയാനാവില്ല.
20. ഡാവിഞ്ചി കോഡിന്റെ പിന്നിൽ പ്രവർത്തിക്കുന്നവർക്ക് എന്തു സംഭവിക്കും എന്നോർത്ത് ലേഖകൻ നെടുവീർപ്പിടുന്നു. അതോർത്ത് മനഃപ്രയാസപ്പെടേണ്ട കാര്യമില്ല. അവർക്ക് വിശേഷിച്ച് ഒന്നും സംഭവിക്കുകയില്ല. സാധാരണ മനുഷ്യർക്ക് വരുന്നതുപോലെ രോഗമോ അപകടമോ മരണമോ ഒക്കെ അവർക്കും ഉണ്ടാകും. അതിൽ കൂടുതലായി ഒന്നും സംഭവിക്കുകയില്ല.

മനുഷ്യൻ പറയുന്ന ഏതു നിസ്സാര വാക്കിനും ന്യായവിധി ദിവസത്തിൽ കണക്ക് ബോധിപ്പിക്കേണ്ടി വരും എന്നല്ലാതെ ഈ ഭൂമിയിൽ വെച്ചുതന്നെ കണക്ക് കൊടുക്കേണ്ടതായി വരും എന്ന് ബൈബിൾ പറയുന്നില്ല. മനുഷ്യർ ചെയ്യുന്ന പാപത്തിന് വളരെ വിരളമായി മാത്രമേ ഈ ലോകത്തിൽ വെച്ച് ശിക്ഷ ലഭിക്കുകയുള്ളൂ. കുസൃതി കാണിക്കുന്ന വിദ്യാർത്ഥികളെ തേടിപ്പിടിച്ച് രൊക്കം തല്ലുകൊടുക്കുന്ന ഹെഡ്മാസ്റ്ററേപ്പോലെയാണ് ദൈവം എന്ന് ധരിക്കരുത്. ദൈവം അങ്ങനെ ചെയ്തിരുന്നെങ്കിൽ ഈ ലോകത്ത് കോടതികൾ വേണ്ടിവരുമായിരുന്നില്ല.

ബൈബിൾ രണ്ടു തരത്തിൽ വ്യാഖ്യാനിക്കാം.

1. ബൈബിൾ യഥാർത്ഥത്തിൽ എന്തു പറയുന്നു എന്ന് വിശദീകരിക്കുക.
2. നമുക്ക് ബൈബിളിനേക്കൊണ്ട് എന്തു പറയിക്കണമോ അത് പറയിക്കുക.

ഒന്നാമത്തെ വ്യാഖ്യാനരീതിയാണ് ശരി. പക്ഷേ ലേഖകൻ സ്വീകരിച്ചിരിച്ചിരിക്കുന്നത് രണ്ടാമത്തെ വ്യാഖ്യാനരീതിയാണ്. അതുകൊണ്ടാണ് ഇത്തരം അബദ്ധങ്ങൾ എഴുതിയത്. ബൈബിൾ വസ്തുനിഷ്ഠമായി പഠിച്ചാൽ തീരുന്ന പ്രശ്നമേ ഇവിടെയുള്ളൂ.

# ഡിഫെൻഡർ മറുപടി പറയുന്നു

? സൈബർ കേസ്സിൽ ഉണ്ടായ വിധിയുടെ പശ്ചാത്തലത്തിൽ ഡിഫെൻഡറിന്റെ നിലപാടുകളിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശ്യമുണ്ടോ?

■ സൈബർ കേസ്സിൽ ഞാനും എന്റെ മകനും നിരപരാധികളാണ്. ഞങ്ങളുടെ നിരപരാധിത്വം തെളിയിക്കാൻ സുപ്രീം കോടതി വരെ പോകാനും ഞാൻ തയ്യാറാണ്. ഞാൻ നിരപരാധിയാണെന്ന് എനിക്ക് ബോദ്ധ്യമുള്ളതുകൊണ്ട് ഡിഫെൻഡറിന്റെ നിലപാടുകളിലോ ശൈലിയിലോ മാറ്റം വരുത്താൻ ഉദ്ദേശ്യമില്ല.

പെന്തക്കോസ്തിലെ തിൻമകൾക്കെതിരേ പോരാടാൻ ഇറങ്ങിത്തിരിച്ചത് തെറ്റായിപ്പോയി എന്ന് തോന്നുന്നുണ്ടോ എന്ന് ചിലർ എന്നോട് ചോദിക്കയുണ്ടായി. തിൻമ കണ്ടാൽ പ്രതികരിക്കാതിരിക്കുക എന്നത് എന്നെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടുള്ള കാര്യമാണ്. എങ്കിലും ഒരിക്കലും നന്നാകാത്ത പെന്തക്കോസ്ത് സമൂഹത്തെ നന്നാക്കാം എന്ന് കരുതിയത് വിഡ്ഢിത്തമായിപ്പോയി എന്ന് സമ്മതിക്കുന്നു. പക്ഷേ എനിക്ക് അത് ചെയ്യാതിരിക്കാൻ പറ്റില്ലായിരുന്നു എന്നതാണ് വസ്തുത. വിശദീകരിക്കാം.

വ്യഭിചാരം, സാമ്പത്തിക വെട്ടിപ്പ് എന്നിവയുടെ കേന്ദ്രമാണ് പെന്തക്കോസ്ത് സഭകൾ. സഭയുടെ നേതാക്കൻമാരാണ് ഇത്തരം ഹീനകൃത്യങ്ങൾ ചെയ്യുന്നത്. ടി.എസ്.ഏബ്രഹാം, വൽസൻ ഏബ്രഹാം, ശാരോനിലെ സി.വി.ജോൺ തുടങ്ങിയവർ ഉദാഹരണം. സഭാനേതാക്കൻമാർ പാപം ചെയ്യുമ്പോൾ ദുഷിക്കുന്നത് ഒരു സമൂഹമാണ്. ബൈബിൾ കോളേജിൽ പഠിക്കാൻ വരുന്ന പെൺകുട്ടികളിൽ ഭൂരിപക്ഷത്തേയും ദുഷ്ക്കാമത്തിന് ഇരയാക്കിയ ടി.എസ്.ഏബ്രഹാം, സി.വി.ജോൺ തുടങ്ങിയവർ നൂറു കണക്കിനു പെൺകുട്ടികളുടെ ജീവിതമാണ് നശിപ്പിച്ചത്. ഇനിയെങ്കിലും ഇത് ആവർത്തിക്കരുത് എന്ന ആഗ്രഹംകൊണ്ടാണ് ഞാൻ ഇതിനൊക്കെ എതിരെ എഴുതിയത്.

ദുർന്നടപ്പ്, സാമ്പത്തിക വെട്ടിപ്പ് എന്നിവയ്ക്കെതിരെ ഞാൻ എഴുതുന്നത് പെന്തക്കോസ്ത് നേതാക്കൻമാരുടെ ഉറക്കം കെടുത്തുന്നുണ്ട്. എങ്ങനെയെങ്കിലും അത് തടയണമെന്നാണ് അവരുടെ ആഗ്രഹം. ഈ തെറ്റുകൾ ഞാനും ചെയ്യുന്നുണ്ട് എന്നു വരുത്തി തീർത്താൽ പ്രശ്നം തീരും. ബാലൻ ആളുകളെ ഭീഷണിപ്പെടുത്തി പണം പിടുങ്ങുന്നു എന്ന് അവർ പ്രചരിപ്പിച്ചു. ഒട്ടേറെ ആളുകൾ അതു വിശ്വസിച്ചു. സത്യം എന്തെന്ന് അന്വേഷിക്കാൻ മിനക്കെട്ടില്ല. ഞാൻ അദ്ധ്വാനിച്ച് ജീവിക്കുന്ന വ്യക്തിയാണ്. സ്വന്തമെന്നു പറയാൻ ചട്ടിയും കലവും കുറെ പുസ്തകങ്ങളും മാത്രമേയുള്ളൂ. പത്തുലക്ഷത്തോളം രൂപ കടമാണ് ഇതുവരെയുള്ള സമ്പാദ്യം. വാടകവീട്ടിൽ താമസിക്കുന്നു. കേസ്സിനും മറ്റുമായി പത്തനംതിട്ടയിൽ പോകാൻ പലപ്പോഴും ബ്ലേഡ് കമ്പനിയിൽ നിന്നുവരെ കടം വാങ്ങിയിട്ടുണ്ട്. എന്റെ വക്കീലിന് വണ്ടിക്കൂലിയല്ലാതെ ഫീസ് ഇനത്തിൽ ഒന്നും കൊടുക്കാൻ കഴിഞ്ഞില്ല. ഇങ്ങനെയുള്ള ഞാൻ കോടീശ്വരനായ ടി.എസ്. ഏബ്രഹാമിനോട് ജയിക്കുന്നതെങ്ങനെ?

എന്നെ ദുർമ്മാർഗ്ഗിയായി ചിത്രീകരിക്കേണ്ടതും സഭാനേതാക്കൻമാരുടെ ആവശ്യമാണ്. അതിനായി അവർ ഇന്റർനെറ്റ് കേസ്സ് കെട്ടിച്ചമച്ചു. അങ്ങനെ ഞാൻ അശ്ലീല ചിത്രങ്ങൾ അയച്ച നീചനായി. എന്റെ ആത്മാർത്ഥ സ്നേഹിതർ പലരും നാലു വർഷം മുൻപ് ഈ കേസ്സ് ഉണ്ടായപ്പോൾ എന്നെ കൈവിട്ടു. എന്താണ് സത്യമെന്ന് അന്വേഷിക്കാൻ പോലും അവർ ശ്രമിച്ചില്ല. ഇപ്പോഴിതാ ഞാൻ കുറ്റക്കാരനാണെന്ന് കോടതിയും പറയുന്നു. എന്റെ നിരപരാധിത്വം ഞാൻ മേൽക്കോടതിയിൽ തെളിയിക്കുന്നതുവരെ നിന്ദയും പരിഹാസവും സഹിക്കാതെ നിവൃത്തിയില്ല.

ഞാൻ വിശ്വാസം ത്യജിച്ചുകളയരുതെന്ന് ചിലരൊക്കെ എന്നെ ഫോണിൽ വിളിച്ചു നേരിൽ കണ്ടും ഉപദേശിക്കയുണ്ടായി. എല്ലാവരോടുമായി എനിക്കു പറയാനുള്ളത് ഇതാണ്: പെന്തക്കോസ്തിന്റെ മഹത്വമോ പെന്തക്കോസ്ത് നേതാക്കൻമാരുടെ വിശുദ്ധിയോ കണ്ടല്ല ഞാൻ യേശുക്രിസ്തുവിനെ സ്വീകരിച്ചത്. നിത്യരക്ഷ ഒന്നു മാത്രമാണ് ഞാൻ യേശുവിൽ നിന്നു പോലും ലഭിക്കാൻ ആഗ്രഹിക്കുന്നത്. ഭൗതീക നൻമകൾ ലഭിച്ചാലും ഇല്ലെങ്കിലും പ്രശ്നമല്ല. യേശുവിനെ ഞാൻ സ്വീകരിച്ചത് പരീക്ഷണാടിസ്ഥാനത്തിലല്ല. കള്ളക്കേസ്സോ ജയിലോ അപമാനമോ ഒന്നും യേശുവിൽ നിന്ന് എന്നെ വേർപെടുത്താൻ മതിയായവയുമല്ല.

ഞാൻ ജയിലിലാണെന്നാണ് ഭൂരിപക്ഷം പെന്തക്കോസ്തുകാരും ധരിച്ചുവെച്ചിരിക്കുന്നത്. ശിക്ഷ ലഭിച്ച് പത്തു മിനിട്ടിനകം ഞാൻ ജാമ്യത്തിലിറങ്ങിയ കാര്യമൊന്നും അവർ അറിഞ്ഞിട്ടില്ല. ഞാൻ ജയിലിലാണെന്നോർത്ത് സന്തോഷിക്കുന്ന പെന്തക്കോസ്തുകാർ ചില വസ്തുതകൾ മനസ്സിലാക്കണം: നിങ്ങൾ ആഘോഷിക്കുന്നത് വ്യഭിചാരത്തിന്റേയും സാമ്പത്തിക വെട്ടിപ്പിന്റെയും എല്ലാവിധ തിൻമയുടേയും വിജയമാണ്. നിങ്ങൾ ആഘോഷിക്കുന്നത് സത്യത്തിന്റേയും വിശുദ്ധിയുടേയും പരാജയമാണ്. ദാരിദ്ര്യത്തിന്റെ നിസ്സഹായതയാണ് കോടതിയിൽ തോറ്റത്. ബ്ലേഡ് കമ്പനിയിൽ നിന്നും കടം വാങ്ങിയ പണവുമായാണ് ഞാൻ വിധി കേൾക്കാൻ പോയത്. അന്ന് ഞാൻ മടങ്ങി വന്നിട്ട് മിച്ചമുള്ള പണംകൊടുത്തു വേണമായിരുന്നു പിറ്റേ ദിവസത്തേക്കുള്ള അരിയും മറ്റും വാങ്ങുവാൻ. ബാലൻ തോറ്റേ എന്നു വിളിച്ചു കൂവുന്നവർ ബാലന്റെ വീട്ടിൽ അത്താഴം വെച്ചോ എന്നുകൂടി അന്വേഷിച്ചിരുന്നെങ്കിൽ നന്നായിരുന്നു.

ഞങ്ങൾക്കെതിരെ ശക്തമായ തെളിവുകൾ ഉണ്ടായിരുന്നു എന്ന് പത്രങ്ങളിൽ വായിച്ചു. പക്ഷേ ഇന്ത്യൻ തെളിവു നിയമം അനുസരിച്ച് സ്വീകാര്യമായ ഒരു തെളിവുപോലും ഞങ്ങൾക്കെതിരെ ഇല്ലായിരുന്നു എന്നതാണ് വസ്തുത. അതുകൊണ്ട് കോടതി തീർച്ചയായും ഞങ്ങളെ വെറുതെ വിടും എന്ന് ഞാൻ ഉറച്ചു വിശ്വസിച്ചിരുന്നു. എന്നാൽ വിധി പറയുന്നതിന് ഏതാനും ദിവസം മുൻപ് കുമ്പനാട് ഭാഗത്തുനിന്നും ഒരു അജ്ഞാത ഫോൺ സന്ദേശം എനിക്കു ലഭിച്ചു. ഞങ്ങൾ തീർച്ചയായും ശിക്ഷിക്കപ്പെടുമെന്നും അത് മാദ്ധ്യമങ്ങളിലൂടെ ആഘോഷിക്കാൻ ആവശ്യമായ എല്ലാ ക്രമീകരണങ്ങളും തല്പരകക്ഷികൾ ചെയ്തു കഴിഞ്ഞു എന്നുമായിരുന്നു അജ്ഞാതൻ പറഞ്ഞത്. എന്നേയും മകനേയും വിലങ്ങുവെച്ച് ജയിലിലേക്കു കൊണ്ടുപോകുന്ന ചിത്രം പത്രങ്ങളിൽ വരുമത്രേ. എനിക്ക് അത് വിശ്വസിക്കാൻ കഴിഞ്ഞില്ല. എങ്കിലും ചില മുൻകരുതലുകൾ എടുക്കാൻ തീരുമാനിച്ചു. മൂന്നു വർഷം വരെ ശിക്ഷ ലഭിച്ചാൽ ജാമ്യം കിട്ടും. അതുകൊണ്ട് രണ്ടു ജാമ്യക്കാരുമായാണ് വിധി കേൾക്കാൻ പോയത്. ജാമ്യാപേക്ഷയും മറ്റും എഴുതി സൂക്ഷിച്ചിരുന്നു.

പ്രതീക്ഷിച്ചതുപോലെ പത്രക്കാരുടെ ഒരു വൻപട കോടതിയിൽ എത്തി. വിവിധ വകുപ്പുകളിലായി ഏഴു വർഷത്തോളം ശിക്ഷ ലഭിച്ചെങ്കിലും പരമാവധി ശിക്ഷ മൂന്നു കൊല്ലം ആയിരുന്നതിനാൽ ജാമ്യം ലഭിച്ചു. ഞങ്ങളെ വിലങ്ങുവെച്ച് ജയിലിലേക്ക് കൊണ്ടുപോകുന്ന പടം എടുക്കാൻ കഴിഞ്ഞില്ല. ഫോണിലൂടെ മുന്നറിയിപ്പ് തന്ന അജ്ഞാതന് നന്ദി.

സൈബർ കേസ്സുമായി ബന്ധപ്പെട്ട് ഒട്ടേറെ വിഷയങ്ങൾ ഞാൻ ഈ ലക്കത്തിൽ എഴുതിയിട്ടുണ്ട്. എങ്കിലും കോടതിയുമായി ബന്ധപ്പെട്ട വിഷയമാകയാൽ പല സത്യങ്ങളും തുറന്നു പറയാൻ കഴിയാതെ പോയിട്ടുണ്ട്. കോടതിയുടെ അന്തസ്സിന് ഹാനി സംഭവിക്കുന്ന വിധത്തിൽ എഴുതുന്നത് കുറ്റകരമാണ്.

കേസ്സുമായി ബന്ധപ്പെട്ട് നിങ്ങൾക്ക് കൂടുതൽ എന്തെങ്കിലും അറിയാൻ ആഗ്രഹമുണ്ടെങ്കിൽ രണ്ടാം പേജിലുള്ള വിലാസത്തിൽ എഴുതുകയോ 9447414608 എന്ന നമ്പറിൽ വിളിക്കയോ ചെയ്യുക. കൂടുതൽ വിവരങ്ങൾ അടുത്ത ലക്കത്തിൽ.

# സൈബർ കേസിന്റെ നാൾവഴി

സൈബർ കേസ്സിന്റെ കഥ ആരംഭിക്കുന്നത് 2001ന്റെ അവസാന മാസങ്ങളിലാണ്. ടി.എസ്.ഏബ്രഹാമിനേയും കുടുംബത്തേയും അവഹേളിക്കുന്ന ചില വ്യാജ ഈമെയിൽ സന്ദേശങ്ങൾ പ്രചരിക്കുന്നതായി ചിലർ എന്നെ അറിയിച്ചു. ചിലർ ഏതാനും ഈമെയിൽ എനിക്ക് ഫോർവേഡ് ചെയ്യുകയും ചെയ്തു. ഗുരുതരമായ പാപങ്ങൾ ചെയ്യുന്ന വ്യക്തിയാകയാൽ എനിക്ക് ടി.എസ്.ഏബ്രഹാമിനോട് വിയോജിപ്പുണ്ട്. അത് ഞാൻ പരസ്യമായി ഡിഫെൻഡറിലൂടെ പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ ഊമക്കത്തും വ്യാജ ഈമെയിലും മറ്റും അയച്ച് ആരേയെങ്കിലും അപമാനിക്കുന്ന രീതിയോട് എനിക്ക് പൊരുത്തപ്പെടാൻ കഴിഞ്ഞില്ല. അതുകൊണ്ട് വ്യാജ ഈമെയിൽ അയക്കുന്ന നടപടിയെ അപലപിച്ചുകൊണ്ടും ഈ ഹീനകൃത്യം ചെയ്യുന്നവർ അത് നിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും ഞാൻ ഡിഫെൻഡറിൽ ലേഖനം എഴുതി.

2002 ഏപ്രിൽ 22ന് രാവിലെ ഞങ്ങളുടെ കതകിൽ ആരോ തട്ടുന്ന ശബ്ദം കേട്ടാണ് ഞാൻ ഉണർന്നത്. വാതിൽ തുറന്നപ്പോൾ ഒരു പോലീസ് പടയെയാണ് കണ്ടത്. പത്തനംതിട്ട ഡി.വൈ.എസ്.പി. (ഇപ്പോൾ കോട്ടയം ക്രൈംബ്രാഞ്ച് എസ്.പി.) രാമചന്ദ്രൻ നായരും സംഘവുമാണ് അതെന്ന് താമസിയാതെ മനസ്സിലായി. വ്യാജ ഈമെയിൽ അയച്ചത് ഞങ്ങളാണെന്നും അതേപ്പറ്റി അന്വേഷിക്കാനാണ് പോലീസ് എത്തിയതെന്നും അദ്ദേഹം ഞങ്ങളെ അറിയിച്ചു. വ്യാജ ഈമെയിലുമായി ഞങ്ങൾക്ക് ഒരു ബന്ധവുമില്ല എന്ന് ഞങ്ങൾ പറഞ്ഞെങ്കിലും അദ്ദേഹം അത് അവഗണിച്ചു.

ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ ഒരു ചെറുപ്പക്കാരൻ ഞങ്ങളുടെ വീട്ടിൽ എത്തി. അയാൾ ആരാണെന്ന് അപ്പോൾ മനസ്സിലായില്ല. പേര് ശ്രീജു എന്നാണെന്ന് മാത്രം അറിഞ്ഞു. ഉച്ചവരെ ശ്രീജു ഞങ്ങളുടെ കമ്പ്യൂട്ടർ പരിശോധിച്ചു. പക്ഷേ കുറ്റകരമായ ഒന്നും കണ്ടെത്തിയില്ല.

ഉച്ചഭക്ഷണം കഴിച്ചശേഷം ഡി.വൈ.എസ്.പിയും ശ്രീജുവും കുറച്ചുസമയം രഹസ്യ സംഭാഷണം നടത്തി. അതു കഴിഞ്ഞ് ഡി.വൈ.എസ്.പി. കമ്പ്യൂട്ടർ ഇരിക്കുന്ന മുറിയിൽ നിന്ന് ഞങ്ങളെ പുറത്താക്കി. തുടർന്നുള്ള രണ്ടു മണിക്കൂർ സമയം ശ്രീജു ഒറ്റയ്ക്കിരുന്ന് കമ്പ്യൂട്ടറർ പരിശോധിച്ചു. അതിനുശേഷം ഡി.വൈ.എസ്.പിയുമായി കുറെ സമയം വീണ്ടും സംസാരിച്ചു. കുറച്ചു കഴിഞ്ഞ് ഡി.വൈ.എസ്.പി. ഞങ്ങളെ അടുത്തുവിളിച്ചു. ഞാനോ എന്റെ രണ്ടു മക്കളിൽ ഒരാളോ അറസ്റ്റ് വരിക്കണമെന്ന് ശഠിച്ചു. എനിക്ക് കഠിനമായ പ്രമേഹം ഉള്ളതുകൊണ്ടും എന്റെ മൂത്ത മകൻ ബി.എ. അവസാന വർഷ പരീക്ഷ എഴുതുന്ന സമയമായിരുന്നതുകൊണ്ടും എന്റെ രണ്ടാമത്തെ മകനായ അനീഷ് അറസ്റ്റ് വരിച്ചു. കമ്പ്യൂട്ടർ അഴിച്ചെടുത്ത് ജീപ്പിൽ വെച്ചശേഷം അയൽക്കാരേക്കൊണ്ട് പോലീസ് എന്തൊക്കെയോ പേപ്പറിൽ ഒപ്പിടുവിച്ചു. അതിനുശേഷം അനീഷുമായി പോലീസ് പത്തനംതിട്ടയിലേക്ക് പോയി.

എന്റെ കൈയ്യിൽ ആകെ 150 രൂപ മാത്രമാണ് ഉണ്ടായിരുന്നത്. വളരെ ബുദ്ധിമുട്ടി കുറെ പണം കടം വാങ്ങി. പിറ്റേന്നു മുതൽ ജാമ്യത്തിനുള്ള ശ്രമം ആരംഭിച്ചു. 11 ദിവസം കഴിഞ്ഞ് അനീഷിന് ജാമ്യം കിട്ടി. പക്ഷേ ഏതാനും ദിവസം കഴിഞ്ഞ് പോലീസ് ഞങ്ങളുടെ വീട്ടിലെത്തി. അവർ അനീഷിനെ വീണ്ടും കസ്റ്റഡിയിൽ എടുത്തു. അന്നു വൈകിട്ട് എറണാകുളത്ത് ഇറക്കി വിടുകയും ചെയ്തു. മടങ്ങി വരാൻ വണ്ടിക്കൂലി പോലും അവന്റെ കൈയിൽ ഇല്ലായിരുന്നു. എങ്കിലും ഒരു സുഹൃത്തിന്റെ സഹായത്തോടെ അവൻ വീട്ടിലെത്തി.

എന്നെ അറസ്റ്റ് ചെയ്യാനും പോലീസിന് പദ്ധതിയുണ്ട് എന്ന് മനസ്സിലായപ്പോൾ ഞാൻ എറണാകുളം സെഷൻസ് കോടതിയിൽ മുൻകൂർ ജാമ്യത്തിന് അപേക്ഷ കൊടുത്തു. അപേക്ഷ പരിഗണിച്ച കോടതി പോലീസിനോട് സി.ഡി. ഹാജരാക്കാൻ ആവശ്യപ്പെടുകയും മെയ് 22 വരെ എന്നെ അറസ്റ്റ് ചെയ്യരുതെന്ന് ഉത്തരവിടുകയും ചെയ്തു. പക്ഷേ വിവരം അറിഞ്ഞയുടൻ പോലീസ് എന്നെ അറസ്റ്റ് ചെയ്യാൻ പദ്ധതിയൊരുക്കി. അങ്ങനെ 2002 മെയ് 17ന് അവർ എന്നെ അറസ്റ്റ് ചെയ്യുകയും മെയ് 18ന് അറസ്റ്റ് ചെയ്തു എന്ന് രേഖയുണ്ടാക്കി കോടതിയിൽ ഹാജരാക്കുകയും ചെയ്തു. (അറസ്റ്റ് ചെയ്തത് മെയ് 17ന് ആയിരുന്നു എന്ന് ഡി.വൈ.എസ്.പി. കോടതിയിൽ മൊഴി കൊടുത്തിട്ടുണ്ട്). ആറു ദിവസത്തിനശേഷം ഞാൻ ഹൈക്കോടതിയിൽ നിന്ന് ജാമ്യമെടുത്ത് പുറത്തിറങ്ങി.

കോടതി ഉത്തരവ് ലംഘിച്ച് എന്നെ അറസ്റ്റ് ചെയ്തതിന് ഞാൻ ഹൈക്കോടതിയിൽ കോർട്ട് അലക്ഷ്യ കേസ് കൊടുത്തെങ്കിലും കേസ്സ് തുടർന്നു നടത്താൻ പണമില്ലാതായതുകൊണ്ട് അത് അവസാനിപ്പിച്ചു.

ഒരു വർഷം കഴിഞ്ഞ് കേസ്സ് പത്തനംതിട്ട സി.ജെ.എം. കോടതിയിൽ വിചാരണ തുടങ്ങി. ആദ്യ ദിവസം തന്നെ ഞങ്ങൾക്ക് കുറ്റപത്രത്തിന്റെ കോപ്പി ലഭിച്ചു. അപ്പോഴാണ് പോലീസ് നടത്തിയ തിരിമറിയുടെ ഭീകരത ഞങ്ങൾ അറിയുന്നത്. ഞങ്ങളുടെമേൽ കുറ്റം അടിച്ചേൽപ്പിക്കാനായി ഒട്ടേറെ വ്യാജ രേഖകൾ പോലീസ് ചമച്ചിരുന്നു. എങ്കിലും കമ്പ്യൂട്ടർ ഉപയോഗിച്ച് വ്യാജ രേഖ ചമയ്ക്കുന്ന വിഷയത്തിൽ മുൻപരിചയമില്ലാത്തതുകൊണ്ട് കുറെ അബദ്ധങ്ങളും പറ്റി. അവയേക്കുറിച്ചെല്ലാം വിവരിക്കാൻ ഏറെ സ്ഥലം വേണം. അതുകൊണ്ട് ചിലതുമാത്രം പറയാം.

കുറ്റപത്രത്തോടൊപ്പം ലഭിച്ച എഫ്.ഐ.ആറിൽ നിന്നും ഞങ്ങൾ ചില കാര്യങ്ങൾ മനസ്സിലാക്കി. കെ.ഇ.ഏഹ്രബാം ഫൗണ്ടേഷനിൽ കമ്പ്യൂട്ടർ വിഭാഗത്തിൽ ജോലി ചെയ്തിരുന്ന മാത്യു വർഗീസ് എന്നൊരാൾ 2001ന്റെ അവസാന മാസങ്ങളിൽ പിണങ്ങി പിരിഞ്ഞിരുന്നു. ഓഫീസിലെ കണക്കുകളും മറ്റും അയാൾ കമ്പ്യൂട്ടറിൽ നിന്നും മായ്ച്ചുകളഞ്ഞതിനു ശേഷമാണ് സ്ഥലം വിട്ടത്. മാത്രമല്ല, അയാൾ പിണങ്ങി പിരിഞ്ഞതിനുശേഷമാണ് വ്യാജ ഈമെയിലുകൾ പ്രചരിക്കാൻ തുടങ്ങിയത്. അതുകൊണ്ട് ടി.എസ്.ഏബ്രഹാം 2002 മാർച്ച് 5ന് പോലീസിന് കൊടുത്ത പരാതിയിൽ മാത്യു വർഗീസും അയാളുടെ കീഴിൽ ജോലി ചെയ്യുന്ന മറ്റു ചിലരും ചേർന്ന് വ്യാജ ഈമെയിൽ അയക്കുന്നതായാണ് എഴുതിയിരിക്കുന്നത്. അതായത്, എഫ്.ഐ.ആറിൽ ടി.എസ്.ബാലനും മകനും ഇല്ല. കേസ്സിന്റെ അന്വേഷണം ആരംഭിച്ചപ്പോൾ മാത്യു വർഗീസിന്റെ മാതാപിതാക്കൾ ടി.സ്.ഏബ്രഹാമിനെ കണ്ട് മകനുവേണ്ടി സംസാരിച്ചു. അങ്ങനെ മാത്യു വർഗീസിനെ കേസ്സിൽ നിന്ന് ഒഴിവാക്കി.

ഒന്നാംതരം ഒരു കേസ്സുണ്ട്. പണം മുടക്കാൻ തയ്യാറായി ടി.എസ്.ഏബ്രഹാമുണ്ട്. പക്ഷേ നല്ല ഒരു പ്രതിയില്ല. എന്തുചെയ്യും. അങ്ങനെയിരിക്കുമ്പോഴാണ് ടി.എസ്.ബാലനേക്കുറിച്ച് ടി.എസ്. ഏബ്രഹാം ഓർക്കുന്നത്. ബാലനെ ഒതുക്കാൻ നല്ല ചാൻസാണിത്. തുടർന്ന് അതിനുള്ള ശ്രമമായി. ശ്രീജുവിന്റെ സഹായത്തോടെ ആവശ്യമായ രേഖകൾ കെട്ടിച്ചമച്ചുണ്ടാക്കി. എഫ്.ഐ.ആറിൽ ഇല്ലാത്ത ബാലനും മകനും കേസ്സിൽ പ്രതികളായത് ഇങ്ങനെയാണ്.

2001 നവംബർ മുതൽ വ്യാജ ഈമെയിൽ പ്രചരിച്ചിരുന്നെങ്കിലും 2002 ജനുവരി 18 മുതൽ ഫെബ്രുവരി 25 വരെയുള്ള കാലത്ത് ആരോ അയച്ച വ്യാജ ഈമെയിലുകൾ ബാലന്റേതാണെന്ന് വരുത്തി തീർക്കാൻ ആവശ്യമായതെല്ലാം ചെയ്തു. (വിശദവിവരങ്ങൾ ഏഴാം പേജിൽ). മുൻനിശ്ചയപ്രകാരം 2002 ഏപ്രിൽ 22ന് പോലീസും ശ്രീജുവും ഞങ്ങളുടെ വീട്ടിലെത്തി.

കുറ്റപത്രം കിട്ടിയപ്പോഴാണ് ശ്രീജു ആരാണെന്നും മനസ്സിലായത്. പോലീസ് എഴുതിയ മഹസ്സറിൽ ശ്രീജുവിനേപ്പറ്റി ഇപ്രകാരം പറയുന്നു: ''കെ.ഇ.ഏബ്രഹാം ഫൗണ്ടേഷനിൽ മൈക്രോസോഫ്റ്റ് കൾസൾട്ടൻസിയായി പ്രവർത്തിക്കുന്ന ശ്രീജു പി.ശ്രീധർ''. ഇയാൾ ടി.എസ്.ഏബ്രഹാമിന്റെ ജോലിക്കാരനാണെന്ന് ചുരുക്കം. പോലീസിൽ നിരവധി കമ്പ്യൂട്ടർ വിദഗ്ദ്ധർ ഉള്ളപ്പോൾ വാദിയുടെ ജോലിക്കാരനെ എന്തിന് പോലീസ് കൊണ്ടുവന്നു? ഉത്തരം വ്യക്തം: ബാലനെതിരെ തെളിവുണ്ടാക്കാൻ ടി.എസ്.ഏബ്രഹാമിന്റെ ജോലിക്കാരൻ ആവശ്യമാണ്. കേസ്സ് അന്വേഷിക്കാൻ ശ്രീജുവിന്റെ സഹായം അത്യന്താപേക്ഷിതമാണെന്നു ബോദ്ധ്യമായെന്ന് ഡി.വൈ.എസ്.പി. കുറ്റപത്രത്തിൽ പറയുന്നുമുണ്ട്. ശരിതന്നെ. ശ്രീജുവിന്റെ സഹായമില്ലായിരുന്നെങ്കിൽ പോലീസിന് ബാലനെതിരെ തെളിവുണ്ടാക്കാൻ പറ്റുമായിരുന്നില്ല.

ശ്രീജുവിനെ ഉപയോഗിക്കാൻ അനുവാദം ആവശ്യപ്പെട്ട് ഡി.ഐ.എസ്.പി. 2002 മാർച്ച് 11ന് പത്തനംതിട്ട എസ്.പിക്ക് കത്തെഴുതിയെന്നും 2002 മെയ് 15ന് അനുവാദം കിട്ടിയെന്നും കുറ്റപത്രത്തിൽ പറയുന്നു. പക്ഷേ പോലീസ് ശ്രീജുവുമായി എന്റെ വീട്ടിൽ എത്തിയത് 2002 ഏപ്രിൽ 22ന് ആയിരുന്നു. അനുവാദം കിട്ടുന്നതിന് മൂന്നാഴ്ച മുൻപാണ് ശ്രീജു എന്റെ കമ്പ്യൂട്ടർ പരിശോധിച്ചതെന്നു വ്യക്തം. കേസ്സിന്റെ വിചാരണയിൽ ഇത് പ്രശ്നമായി. അപ്പോൾ ഡി.വൈ.എസ്.പി. ശ്രീജുവിനെ ഉപയോഗിക്കാൻ അനുവദിച്ചുകൊണ്ട് എസ്.പി. നൽകിയ കത്തിന്റെ ഫോട്ടോസ്റ്റാറ്റ് ഹാജരാക്കി. അതിൽ 15-5-2002 എന്ന തീയതി തിരുത്തി 15-3-2002 എന്നാക്കിയിരുന്നു. തീയതി തിരുത്തി എന്ന് ഒറ്റ നോട്ടത്തിൽ തന്നെ വ്യക്തമാകുകയും ചെയ്യും. കത്തിന്റെ ഒറിജിനൽ എവിടെ? അതിന് വ്യക്തമായ ഉത്തരം പറഞ്ഞുമില്ല.

ഇത്ര ബുദ്ധിമുട്ടു സഹിച്ച് ശ്രീജുവിനെ ഉപയോഗിക്കുന്നതെന്തിന്? പറഞ്ഞല്ലോ, ശ്രീജുവിന്റെ സഹായമില്ലാതെ ബാലനെ കുരുക്കാൻ പറ്റില്ല. ഉച്ചവരെ ശ്രീജു കമ്പ്യൂട്ടർ പരിശോധിച്ചിട്ടും ഒരു തെളിവും കിട്ടിയില്ല. ഉച്ച കഴിഞ്ഞ് കുറെ സമയം ഒറ്റക്കിരുന്ന് പരിശോധിച്ചു. അപ്പോൾ എന്താണ് നടന്നത്? അത് ശ്രീജു തുറന്ന് പറയുകയില്ലല്ലോ. എങ്കിലും ശ്രീജു വിസ്താരത്തിനിടയിൽ, അബദ്ധത്തിൽ, സത്യം പറഞ്ഞു. ശ്രീജു കൊണ്ടുവന്ന സി.ഡി. എന്റെ കമ്പ്യൂട്ടറിൽ ഇട്ടു എന്നാണ് ശ്രീജു പറഞ്ഞത്. ശ്രീജു കൊണ്ടുവന്ന ഒരു സി.ഡി. എന്റെ കമ്പ്യൂട്ടറിൽ ഇട്ടാൽ എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് കമ്പ്യൂട്ടർ അറിയാവുന്നവരോട് വിശേഷിച്ച് പറയേണ്ട കാര്യമില്ല. (കമ്പ്യൂട്ടർ പരിജ്ഞാനമില്ലാത്തവരോട് പറഞ്ഞിട്ട് പ്രയോജനവുമില്ല). എന്റെ കമ്പ്യൂട്ടറിൽ നിന്ന് എന്തൊക്കെയോ അശ്ലീല ചിത്രങ്ങളും കേസ്സിന് ആധാരമായ രേഖകളും പിടിച്ചു എന്നു പോലീസ് പറയുന്നതിന്റെ പിന്നിലെ രഹസ്യം ഇതാണ്. ഇത്ര വലിയ ചതി ഇതിന്റെ പിന്നിൽ നടന്നു എന്ന് ഞാൻ മനസ്സിലാക്കിയത് കുറ്റപത്രം കണ്ടതിനുശേഷമാണ്.

ഞങ്ങളുടെ വീട്ടിൽ നിന്നും കമ്പ്യൂട്ടർ സീല് ചെയ്യാതെയാണ് കൊണ്ടുപോയത്. എങ്കിലും സീല് വെച്ചിരുന്നു എന്ന് പോലീസ് പറയുന്നു. അവരുടെ വാദം ശരിയാണെങ്കിൽ സി.ആർ.പി.സിയിൽ പറയുന്ന നടപടിക്രമങ്ങൾ പാലിക്കാതിരുന്നതെന്ത്? സീല് വെച്ചതിന് ഒരു സാക്ഷിയേപ്പോലും ഹാജരാക്കാതിരുന്നതെന്തുകൊണ്ട്?

സീല് വെച്ചു എന്ന് ഒരു വാദത്തിനുവേണ്ടി സമ്മതിച്ചാലും പ്രശ്നം തീരുന്നില്ല. ഒരാഴ്ച കഴിഞ്ഞ് പോലീസ് ഈ സീല് പൊട്ടിച്ചെന്നും പോലീസിലെ ഒരു കമ്പ്യൂട്ടർ വിദഗ്ദ്ധനെക്കൊണ്ട് കമ്പ്യൂട്ടർ പരിശോധിപ്പിച്ചെന്നും കുറ്റപത്രത്തിൽ പറയുന്നു. പ്രതികളുടേയോ കോടതിയുടേയോ അറിവും സമ്മതവും കൂടാതെ സീല് തുറന്നതിനാൽ സീല് വെച്ചു എന്ന വാദത്തിനുതന്നെ പ്രസക്തിയില്ലാതായി. പോലീസിലെ കമ്പ്യൂട്ടർ എക്സ്പേർട്ട് എന്റെ കമ്പ്യൂട്ടർ പരിശോധിച്ചപ്പോൾ കുറ്റകരമായ എന്തൊക്കെയോ കണ്ടു എന്ന് പോലീസ് പറയുന്നു. ശരിയായിരിക്കാം. അതിന് ഒരാഴ്ച മുൻപ് ടി.എസ്.ഏബ്രഹാമിന്റെ ജോലിക്കാരനായ ശ്രീജു എന്റെ കമ്പ്യൂട്ടറിൽ സി.ഡി. ഇട്ടിരുന്നല്ലോ. ബാലന്റെ കമ്പ്യൂട്ടറിൽ നിന്ന് തെളിവു ലഭിച്ചു എന്നും മറ്റും പത്രത്തിൽ വാർത്ത വന്നതിന്റെ ഗുട്ടൻസ് ഇതാണ്.

ബി.എസ്.എൻ.എൽ. ഉദ്യോഗസ്ഥർ ബാലനെതിരെ തെളിവ് കൊടുത്തു എന്നും പത്രവാർത്ത ഉണ്ടായിരുന്നു. എന്താണ് അവർ കൊടുത്ത തെളിവ്? പെരുമ്പാവൂർ എക്സ്ചേഞ്ചിലെ 592249 എന്ന നമ്പർ ഞങ്ങളുടേതാണെന്നും ഈ നമ്പറിൽ നിന്ന് പലപ്പോഴും സിഫിയുടെ ഇന്റർനെറ്റ് ഉപയോഗിച്ചിട്ടുണ്ടെന്നുമാണ് അവർ പറഞ്ഞത്. ഇത് തികച്ചും ശരിയാണ്. പക്ഷേ ഞങ്ങൾ വ്യാജ ഈമെയിൽ അയച്ചെന്ന് അവർ പറഞ്ഞില്ല. ഇന്റർനെറ്റിലൂടെ എന്താണ് അയക്കുന്നതെന്ന് ബി.എസ്.എൻ.എൽ. ഉദ്യോഗസ്ഥർക്ക് അറിയാൻ സാധിക്കയുമില്ലല്ലോ.

മദ്രാസിൽ നിന്നും സിഫിയുടെ ആൾക്കാർ എത്തി ഞങ്ങൾക്കെതിരെ തെളിവ് നൽകി എന്നും പത്രത്തിലുണ്ടായിരുന്നു. അതേപ്പറ്റി ഏഴാം പേജിൽ വിശദീകരിക്കുന്നുണ്ട്.

പത്രത്തിലെ വാർത്ത അനുസരിച്ച് എനിക്ക് 56 വയസ്സും അനീഷിന് 27 വയസ്സുമുണ്ട്. വരുന്ന നവംബറിലാണ് എനിക്ക് 50 വയസ്സ് തികയുന്നത്. ഞാൻ വിവാഹം കഴിച്ചിട്ട് 27 വർഷം ആകണമെങ്കിൽ ഈ മാസം 14 ആകണം. അനീഷ് എന്റെ രണ്ടാമത്തെ മകനാണ്. യഥാർത്ഥ വയസ്സ് 24. ഞാൻ ടി.എസ്.ഏബ്രഹാമിന്റെ ജോലിക്കാരനായിരുന്നെന്നും അവിടെനിന്ന് എന്നെ പിരിച്ചുവിട്ടപ്പോൾ ശാരോനിൽ ചേർന്നെന്നും ഒരു ദേശീയ ഇംഗ്ലീഷ് പത്രത്തിൽ കണ്ടു. ശാരോനിൽ നിന്ന് എന്നെ പണ്ടേ പുറത്താക്കിയതായിരുന്നു എന്ന് മിക്ക മലയാളം പത്രങ്ങളിലും വായിച്ചു. ബാലനും മകനും പാസ്റ്ററായിരുന്നു എന്ന് ഒരു മാസികയും പറയുന്നു. ഞാൻ ടി.എസ്.ഏബ്രഹാമിനെ ആദ്യമായി കാണുന്നത് അദ്ദേഹം കോടതിയിൽ സാക്ഷി പറയാൻ വന്നപ്പോഴാണ്. മൂപ്പതിലേറെ വർഷങ്ങളായി ഞാൻ ശാരോനിലെ അംഗമാണ്. 1994 മുതൽ 2001 വരെ സഭാശുശ്രൂഷകനുമായിരുന്നു. ഡോക്ട്രേറ്റിനു പഠിക്കാനായി ഞാൻ പാസ്റ്റർ ജോലിയിൽ നിന്ന് 2001ൽ അവധിയെടുത്തു. കേസ്സ് ഉണ്ടായത് 2002ൽ ആണ്. അവധിയിലിരുന്ന എന്നെ സസ്പെന്റ് ചെയ്യുന്നതായി അറിയിച്ചുകൊണ്ട് ശാരോനിൽ നിന്ന് എനിക്കൊരു കത്ത് ലഭിച്ചിരുന്നു. എന്നെ ശാരോനിൽ നിന്ന് പുറത്താക്കാൻ അവർ ആലോചിക്കയും ചെയ്തിരുന്നു. എന്നാൽ ഈ വിവരം അറിഞ്ഞയുടൻ ഞാൻ പെരുമ്പാവൂർ മുൻസിഫ് കോടതിയിൽ ഒരു കേസ്സ് കൊടുത്തു. അതോടെ പുറത്താക്കൽ പദ്ധതി പൊളിഞ്ഞു. അതുകൊണ്ട് ഞാൻ ഇപ്പോഴും ശാരോനിലുണ്ട്. സംശയമുള്ളവർ ഞങ്ങളുടെ പാസ്റ്ററായ ഏബ്രഹാം ജോസഫിനോട് ചോദിക്കുക. Ph: 0484-2527020.

സത്യം അറിയാൻ ആഗ്രഹിക്കുന്ന ഏവരോടും എനിക്കു പറയാനുള്ളത് ഇതാണ്: സൈബർ കേസ്സിൽ ഞാനും എന്റെ മകനും നിരപരാധികളാണ്. ഇന്ത്യൻ തെളിവു നിയമം അനുസരിച്ച് സ്വീകാര്യമായ ഒരു തെളിവും ഞങ്ങൾക്കെതിരെ ഹാജരാക്കുവാൻ പ്രോസിക്യൂഷന് കഴിഞ്ഞിട്ടില്ല. തെളിവുകൾ എന്ന പേരിൽ ഹാജരാക്കിയതെല്ലാം കെട്ടിച്ചമച്ച തെളിവുകളാണ്. ഇതെല്ലാം ഞങ്ങൾ വിശദമായി കോടതിയിൽ പറയുകയും എഴുതി കൊടുക്കുകയും ചെയ്തു. എന്നിട്ടും ഞങ്ങൾ ശിക്ഷിക്കപ്പെട്ടു. എന്തുകൊണ്ട്? കോടതി ഉത്തരവുകളെ പരസ്യമായി വിമർശിക്കുന്നത് ശരിയായ നടപടിയല്ല. അതുകൊണ്ട് ഈ ചോദ്യത്തിന് മറുപടി പറയുന്നില്ല.

# നാഗാലാന്റ് സ്മരണകൾ



ദിമാപൂർ കൊഹീമ എന്നിവിടങ്ങളിൽ വളരെയധികം മലയാളികളുണ്ട്. അവരിൽ പലരും നാഗാസ്ത്രീകളെ വിവാഹം കഴിച്ച് നാഗാലാന്റിൽ സ്ഥിരവാസമാക്കിയിരിക്കയാണ്. സർക്കാർ സർവ്വീസിൽ ഉള്ളവരാണ് വലിയൊരു പങ്ക്. അദ്ധ്യാപകർ, കച്ചവടക്കാർ തുടങ്ങിയവരുണ്ട്. സായുധസേനയിലുള്ളവരുടെ എണ്ണം കൃത്യമായി പറയുക സാദ്ധ്യമല്ല. മാത്രമല്ല ഇത്തരക്കാർ സ്ഥിരമായി നാഗാലാന്റിൽ ഉണ്ടായിരുക്കയുമില്ല.

സ്കൂൾ ഏറ്റെടുത്തതിനുശേഷം ഞാൻ അനുഭവിക്കേണ്ടിവന്ന പ്രധാന പ്രശ്നം സാമ്പത്തികമായിരുന്നു. ദിവസവും രണ്ടായിരത്തിലധികം രൂപ ഹോസ്റ്റൽ ചെലവിനുവേണം. അദ്ധ്യാപകരുടേയും മറ്റും ശമ്പളം കൃത്യമായി കൊടുക്കാൻ പണം വേണം. കുട്ടികളിൽ നിന്നുള്ള ഫീസ് കൃത്യസമയത്ത് കിട്ടിയെന്നു വരികയില്ല. സാധനസാമഗ്രികൾ കുറെയൊക്കെ കടമായികിട്ടും. പക്ഷേ കടമായി കിട്ടാത്തവയും ഉണ്ടല്ലോ. അതുകൊണ്ട് പലപ്പോഴും പണം പലിശയ്ക്കെടുക്കേണ്ടിവന്നു. പലിശയെന്നാൽ ബ്ലേഡുപലിശ. മാസം അഞ്ചു ശതമാനം മുതൽ പന്ത്രണ്ടു ശതമാനംവരെ പലിശയ്ക്ക് പണം എടുക്കേണ്ടിവന്നിട്ടുണ്ട്.

മയക്കുമരുന്നിനടിമപ്പെട്ട കുട്ടികളിൽനിന്നുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളും കുറച്ചൊന്നുമല്ല. ഇത്തരക്കാരെ കരുണകൂടാതെ പുറത്താക്കുമെന്ന് അഡ്മിഷൻ സമയത്തു തന്നെ പറഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് വളരെ ശ്രദ്ധിച്ച് കാര്യങ്ങൾ നിരീക്ഷിക്കുക പതിവാണ്. ക്ലാസ്സിൽ പോകാൻ മടിക്കുന്നവർ, വിട്ടുമാറാത്ത അസുഖമുള്ളവർ, കലങ്ങിയ കണ്ണുള്ളവർ, ഉറക്കം തൂങ്ങി നടക്കുന്നവർ, ഭക്ഷണം വേണ്ടത്ര കഴിക്കാത്തവർ തുടങ്ങിയവരെയെല്ലാം നിരീക്ഷിക്കും. പലരേയും തൊണ്ടി സഹിതം പിടിക്കയും ചെയ്യും.

ഹോസ്റ്റലിലുള്ള കുട്ടികളെ പുറത്തുപോകാൻ അനുവദിക്കയില്ല. പുറത്തുള്ളവർക്ക് ഇവരെ കാണുന്നതിനും നിയന്ത്രണമുണ്ട്. 'കസിൻ' എന്നു പേരുപറഞ്ഞു വരുന്നവരെ പ്രത്യേകം ശ്രദ്ധിക്കും. സന്ദർശനാനുമതി ലഭിക്കാതെ വരുമ്പോൾ ഇത്തരക്കാർ പലരും ശണ്ഠയ്ക്കു മുതിർന്നു എന്നും വരാം. കുട്ടികൾക്കു വരുന്ന കത്തുകൾ പരിശോധിച്ചിട്ട് ആവശ്യമുള്ളവ മാത്രമേ കൊടുക്കൂ. വിദ്യാർത്ഥികൾ വഴി തെറ്റിപ്പോകാതിരിക്കാനായി ഇങ്ങനെ പല നിയന്ത്രണങ്ങളും ഏർപ്പെടുത്തേണ്ടിവന്നു. പക്ഷേ കുട്ടികളെ ഇപ്രകാരം നിയന്ത്രിക്കുകവഴി സ്കൂളിന്റെ സല്പേര് ഉയരുകതന്നെ ചെയ്തു.

മിക്കവാറും എല്ലാ നാഗാ ഗോത്രങ്ങളും ദിമാപൂരിലുണ്ട്. അതുകൊണ്ട് സ്കൂളിൽ എല്ലാ ഗോത്രങ്ങളും ഉണ്ടാകും. എങ്കിലും ആവോ, അൻഗാമി, ലോത്താ, സേമാ എന്നീ ഗോത്രക്കാരായിരുന്നു എണ്ണത്തിൽ മുൻപന്തിയിൽ. നാഗന്മാരെ കൂടാതെ നേപ്പാളികൾ, അസ്സാമികൾ, ബംഗാളികൾ തുടങ്ങിയവരും ഉണ്ടായിരുന്നു. ഹോസ്റ്റലിലും ഇതുപോലെയൊക്കെയായിരുന്നു സ്ഥിതി. വിവിധ തരക്കാരായ കുട്ടികളെ ഒന്നിച്ചു കൊണ്ടുപോകുക വളരെ ബുദ്ധിമുട്ടായിരുന്നു. ചെറിയ പ്രശ്നങ്ങൾ പോലും ചിലപ്പോൾ നിയന്ത്രണാതീതമായ നിലയിലേയ്ക്കു വളർന്നു എന്നു വരാം. ദൈവസഹായം കൊണ്ടു മാത്രമാണ് പലപ്പോഴും രക്ഷപ്പെട്ടത്.

പല വിഷയങ്ങൾക്കും തക്ക അദ്ധ്യാപകരെ ലഭിക്കില്ലെന്നതാണ് മറ്റൊരു പ്രശ്നം. സയൻസ്, കണക്ക് എന്നിവയ്ക്കുള്ള അദ്ധ്യാപകരെ ലഭിച്ചാൽത്തന്നെ പകുതി പ്രശ്നം തീരും. വേണ്ടത്ര B.Sc.ക്കാരെ ദിമാപൂരിൽ ലഭിക്കുമെങ്കിലും ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിപ്പിക്കുവാൻ വേണ്ട കഴിവ് പലർക്കും ഉണ്ടായിരിക്കയില്ല. ഇംഗ്ലീഷ് ഗ്രാമർ, ഭൂമിശാസ്ത്രം എന്നിവയ്ക്കും അദ്ധ്യാപകരെ ലഭിക്കുക എളുപ്പമല്ല. നിലവിലുള്ള അദ്ധ്യാപകർ ഗവൺമെന്റ് ജോലിയും മറ്റും ലഭിക്കുമ്പോൾ രാജിവച്ചു പിരിയുകയും ചെയ്യും. ഇങ്ങനെയുള്ള സന്ദർഭങ്ങളിലെല്ലാം വളരെ പ്രയാസം അനുഭവിക്കേണ്ടി വന്നിട്ടുണ്ട്.

നാഗന്മാർ പഠിത്തത്തിൽ പിന്നോക്കമാണെങ്കിലും സ്പോർട്സിലും മറ്റും സമർത്ഥരാണ്. അതുകൊണ്ട് വർഷത്തിൽ ഒരാഴ്ച 'സ്പോർട്ട്സ് വീക്ക്' ആയിരിക്കും. കുട്ടികളെ പലഗ്രൂപ്പുകൾ (ഹൗസുകൾ) ആയി വിഭജിക്കും. അതോടെ പ്രശ്നങ്ങളും ആരംഭിക്കും. തങ്ങളുടെ ഗ്രൂപ്പ് ഏറ്റവും കൂടുതൽ പോയിന്റുകൾ നേടണമെന്നത് ഓരോ കുട്ടിയുടെയും ആഗ്രഹമാണ്. എന്നാൽ കളിയെന്ന നിലവിട്ട് ജീവന്മരണ പോരാട്ടമായി പലപ്പോഴും ഗ്രൂപ്പിസം വളരും. തമ്മിലടിയും മറ്റും ഉണ്ടായെന്നും വരാം. ഉഴപ്പന്മാർ പലരും ഈ അവസരം നന്നായി വിനിയോഗിക്കും. മദ്യവും മയക്കുമരുന്നും മറ്റും സ്കൂളിലെത്തിയ സംഭവങ്ങളുമുണ്ട്. എത്രമാത്രം ശ്രദ്ധിച്ചാലും സ്പോർട്ട്സ് കഴിയുന്നതോടെ പല പ്രശ്നങ്ങളും ഉണ്ടാകും.

ദീപാവലിക്കാലം എനിക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നതായിരുന്നു. നാഗന്മാർ ദീപാവലി ആഘോഷിക്കാറില്ല. പക്ഷേ ദിമാപൂരിൽ ദീപാവലി വലിയ ആഘോഷം തന്നെ. നാഗന്മാരേക്കാളധികം മറ്റുള്ളവരാണ് ദിമാപൂരിലുള്ളതെന്നതാണ് കാരണം. നാലഞ്ചു ദിവസം പടക്കങ്ങളുടെ ശബ്ദം മാത്രമേ കേൾക്കാനുണ്ടാകൂ. നാഗന്മാരും പടക്കങ്ങൾ വാങ്ങി പൊട്ടിക്കും. ചില കുട്ടികൾ പടക്കവും മറ്റും സ്കൂളിൽ കൊണ്ടുവരും. സ്കൂൾ റോഡരികിലാകയാൽ ആരെങ്കിലും പടക്കങ്ങൾ കത്തിച്ച് മതിലിനുള്ളിലേയ്ക്ക് വലിച്ചെറിഞ്ഞുവെന്നും വരാം. നിയന്ത്രിക്കാൻ ഞാൻ സ്ഥലത്തില്ലെങ്കിൽ ഹോസ്റ്റലിലെ കുട്ടികൾ പുറത്തിറങ്ങി അടിപിടികൂട്ടും. ഒരിക്കൽ ഇത്തരമൊരു പ്രശ്നം ഉണ്ടായി. വളരെ പാടുപെട്ടാണ് ഞാൻ അത് തീർത്തത്.

ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികൾ മിക്കവരും വലിയ പണക്കാരുടെ മക്കളായിരിക്കും. അതുകൊണ്ട് അവർക്ക് പണത്തിന് പഞ്ഞമുണ്ടാകാറില്ല. മാസം ആയിരം രൂപയോളം ഫീസ് കൊടുത്ത് കുട്ടികളെ പഠിപ്പിക്കുവാൻ സാധാരണക്കാർക്കാവില്ലല്ലോ. പോക്കറ്റ് മണിയായി ഹോസ്റ്റൽ വാസികൾക്ക് ലഭിക്കുന്നത് വൻതുകകളാണ്. ഇത്രയും പണം എങ്ങനെ ചെലവഴിക്കണമെന്നറിയാതെ അവർ കുഴയും. കുട്ടികൾ മയക്കുമരുന്നിലും മറ്റും ചെന്നെത്തുന്നത് ഇങ്ങനെ ലോഭമില്ലാതെ ലഭിക്കുന്ന പണം കൊണ്ടാണ്. വൻതുകകൾ കുട്ടികൾക്ക് പോക്കറ്റ് മണിയായി കൊടുക്കുന്നത് ഞാൻ കഴിയുന്നത്ര നിരുത്സാഹപ്പെടുത്തിയിരുന്നു.

സർക്കാർ സ്കൂളുകളിൽ ഫീസ് ഇല്ലെങ്കിലും അവിടെ കുട്ടികളെ അയയ്ക്കുവാൻ മാതാപിതാക്കൾ ഇഷ്ടപ്പെട്ടിരുന്നില്ല. അദ്ധ്യയന നിലവാരം വളരെ താഴെയാണെന്നതുതന്നെ കാരണം. മറ്റെങ്ങും അഡ്മിഷൻ ലഭിക്കാത്തവർ, പണമില്ലാത്തവർ തുടങ്ങിയവരായിരിക്കും സർക്കാർ സ്കൂളിലെത്തുക. സ്വകാര്യ സ്കൂളുകളിൽ നല്ല തുക ഫീസായി കൊടുക്കണം. 1992-ലെ നില വച്ചു പറഞ്ഞാൽ അഡ്മിഷൻ സമയത്ത് 500 രൂപയോളം കൊടുക്കേണ്ടിയിരുന്നു. പ്രതിമാസം ഫീസ് 60-70 രൂപ. ഹോസ്റ്റലിൽ താമസിക്കുന്നവർ 500 രൂപയ്ക്കും 1000 രൂപയ്ക്കും ഇടയിലൊരു തുക പ്രതിമാസം കൊടുക്കേണ്ടി വരും. കൂടാതെ, യൂണിഫോം, പുസ്തകങ്ങൾ തുടങ്ങിയവയ്ക്കും നല്ലൊരു തുക ചെലവാകും. ഇത്രത്തോളം പണം ചെലവാക്കി പഠിക്കുന്നുവെന്ന കാരണത്താൽ തോല്ക്കുവാൻ കുട്ടികൾ തയ്യാറല്ല.

കുട്ടി തോറ്റുപോയാൽ രക്ഷാകർത്താക്കളോ കുട്ടികളോ വരും. റിസൾട്ടുണ്ടാക്കിയ വ്യക്തികളെ കണ്ട് അപേക്ഷിക്കും. ആവശ്യമെങ്കിൽ പണം കൊടുക്കാനും തയ്യാർ. കുട്ടി ജയിക്കണം. ജയിച്ചതായി ഒരു സർട്ടിഫിക്കറ്റ് കൊടുത്താലും മതി. അവർ മറ്റേതെങ്കിലും സ്കൂളിൽ അഡ്മിഷൻ എടുത്തുകൊള്ളും. എന്നാൽ ഇതൊന്നും സാദ്ധ്യമല്ലെന്നു പറഞ്ഞാലോ? ചിലർ ദു:ഖത്തോടെ മടങ്ങിപ്പോയെന്നുവരാം. പക്ഷേ മിക്കവരും അങ്ങനെയങ്ങു പോകില്ല. വിഷയം കൈയ്യാങ്കളിയിലേയ്ക്കു നീങ്ങും. ഇങ്ങനെ രക്ഷാകർത്താക്കളുടേയും കുട്ടികളുടേയും അടി വാങ്ങിയ അദ്ധ്യാപകർ നിരവധിയുണ്ട്.

ഈ വിഷയത്തിന് ഞാൻ ആദ്യകാലം മുതൽ ഒരു പരിഹാരം കണ്ടിരുന്നു. ജയിപ്പിക്കാൻ കഴിയുന്നവരെയെല്ലാം ജയിപ്പിക്കും. ഒരു വിധത്തിലും പരിഗണിക്കാനാവാത്തവരുടെ രക്ഷാകർത്താക്കളെ ഒന്നൊന്നായി വിളിച്ച് സ്ഥിതിഗതികൾ വിവരിക്കും. കുട്ടി തോറ്റ് എന്റെ സ്കൂളിൽ തുടരണമോ അതോ 'പ്രത്യേക പരിഗണനയിൽ ജയിച്ചു' എന്നു രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റുമായി മറ്റൊരു സ്കൂളിലേയ്ക്ക് പോകേണമോ എന്നു തീരുമാനിക്കാൻ ആവശ്യപ്പെടും. രക്ഷാകർത്താവിന്റെ തീരുമാനമനുസരിച്ച് അനന്തര നടപടിയുമെടുക്കും. ഇപ്രകാരം ചെയ്തിരുന്നതുകൊണ്ടു എനിക്കു തല്ലുകൊള്ളേണ്ടി വന്നില്ല.

കുട്ടി തോറ്റതിന്റെ പേരിൽ ഹെഡ്മാസ്റ്ററുമായി പിണങ്ങിപ്പിരിയുന്നവർ സാധാരണയായി സർട്ടിഫിക്കറ്റ് (ടി.സി) വാങ്ങാറില്ല. തോറ്റു എന്ന സർട്ടിഫിക്കറ്റ് അവർക്കാവശ്യമില്ല. സർട്ടിഫിക്കറ്റ് ഇല്ലാതെ തന്നെ പല സ്കൂളുകളിലും അവർക്കിഷ്ടമുള്ള ക്ലാസ്സിൽ അഡ്മിഷൻ ലഭിക്കും. അഥവാ സർട്ടിഫിക്കറ്റ് വേണമെങ്കിൽ അതിനും പ്രയാസമില്ല. സ്കൂളിൽ അഡ്മിഷനെടുക്കപോലും ചെയ്തിട്ടില്ലാത്ത കുട്ടി സ്കൂളിൽ പഠിച്ച് പരീക്ഷയെഴുതി ജയിച്ചു എന്ന് സർട്ടിഫിക്കറ്റ് കൊടുക്കാൻ തയ്യാറുള്ള ഹെഡ്മാസ്റ്റർമാർ ഉള്ളപ്പോൾ സർട്ടിഫിക്കറ്റിനു പഞ്ഞം എങ്ങനെയുണ്ടാകാൻ. ഇങ്ങനെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാനായി 1985 മുതൽ Cumulative Record (C.R) എന്നൊന്ന് സർക്കാർ ഏർപ്പെടുത്തി. S.S.L.C ബുക്ക് പോലെയുള്ള ഒന്നാണിത്. അഞ്ചാം ക്ലാസ്സു മുതലാണ് ഇത് ഉപയോഗിക്കുന്നത്. പ്രധാനപ്പെട്ട മൂന്നു പരീക്ഷകളുടേയും മാർക്ക് ഇതിൽ രേഖപ്പെടുത്തി ജയപരാജയങ്ങളും നിർണ്ണയിച്ച് സർട്ടിഫിക്കറ്റിനു പകരമായി കൊടുക്കണമെന്നാണു ചട്ടം.

8,9 എന്നീ ക്ലാസ്സുകളിൽ സർക്കാർ നേരിട്ട് പരീക്ഷ നടത്തുകയാണ് മറ്റൊരു പോംവഴി. 1986-മുതൽ അതും നടത്തിവരുന്നു. ചോദ്യക്കടലാസ് കൊഹീമയിൽ നിന്നും വരുന്നു. അംഗീകൃത സ്കൂളുകളും സർക്കാർ സ്കൂളുകളും തങ്ങളുടെ സ്കൂളിൽത്തന്നെ പരീക്ഷ നടത്തി തങ്ങൾക്കു ബോധിച്ചതുപോലെ റിസൾട്ടുണ്ടാക്കും. അംഗീകാരമില്ലാത്ത സ്കൂളുകൾ, തങ്ങൾക്ക് പരീക്ഷാ കേന്ദ്രങ്ങളായി അനുവദിച്ചു കിട്ടിയ സ്കൂളുകളിൽ കുട്ടികളെ അയച്ച് പരീക്ഷയെഴുതിക്കുന്നു. മാർക്കിടുന്നതും റിസൾട്ടുണ്ടാക്കുന്നതും പരീക്ഷാകേന്ദ്രത്തിലാണെങ്കിലും പലതരം തിരിമറികൾ നടത്തുന്നതിനു ബുദ്ധിമുട്ടില്ല.

# നിയമത്തിന്റെ നൂലാമാലകൾ

സൈബർ കേസ്സിൽ ഗുരുതരമായ ഒട്ടേറെ നിയമ പ്രശ്നങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു. അതിൽ പ്രധാനപ്പെട്ടവയേക്കുറിച്ച് ഇവിടെ പറയാം. നിയമത്തേക്കുറിച്ച് വേണ്ടത്ര അറിവില്ലാത്തവർക്ക് ഈ പറയുന്ന കാര്യങ്ങൾ മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടാകും.

ഈമെയിൽ എന്നത് ഇലക്ട്രോണിക് ഫോമിലുള്ള സന്ദേശമാണ്. ഒരു കമ്പ്യൂട്ടറിൽ നിന്നും ഇന്റർനെറ്റ് വഴി മറ്റൊരാളുടെ കമ്പ്യൂട്ടറിൽ സന്ദേശം എത്തുന്നു. അയച്ച ആൾ, ലഭിച്ച ആൾ, മദ്ധ്യവർത്തി എന്നിങ്ങനെ മൂന്നു തരക്കാരായ ആൾക്കാൾ ഇതിൽ ഉൾപ്പെടുന്നു. സന്ദേശം ലഭിച്ച ആളും മദ്ധ്യവർത്തിയും സൈബർ കേസ്സിൽ കുറ്റക്കാരല്ല. വ്യാജ ഈമെയിൽ അയച്ച ആൾ മാത്രമാണ് കുറ്റവാളി.

ആരാണ് ഈമെയിൽ അയച്ചത് എന്ന് എങ്ങനെ കണ്ടെത്തും? അതിന് കുറ്റമറ്റ ഒരു വഴിയും ഐ.റ്റി. ആക്ടിൽ പറയുന്നില്ല. പ്രശ്നം അവിടെയാണ്. ഈ കേസ്സിൽ ഇന്റർനെറ്റ് പ്രൊട്ടോകോൾ (ഐ.പി.) ഉപയോഗിച്ചാണ് തെളിവ് ശേഖരിച്ചിരിക്കുന്നത്. ഞാനോ എന്റെ മക്കളോ കമ്പ്യൂട്ടർ പഠിച്ചിട്ടില്ല. ചില വർഷങ്ങൾ കമ്പ്യൂട്ടർ ഉപയോഗിച്ച വകയിൽ ലഭിച്ച പരിജ്ഞാനം മാത്രമേ ഞങ്ങൾക്കുള്ളു. കേസ്സിൽ കുറ്റപത്രം ലഭിക്കുന്നതുവരെ ഐ.പിയേക്കുറിച്ച് ഞാൻ കേൾക്കുകപോലും ചെയ്തിരുന്നില്ല. എന്നാൽ കുറ്റപത്രം ലഭിച്ചശേഷം ഐ.പിയേക്കുറിച്ചും അനുബന്ധ വിഷയങ്ങളേക്കുറിച്ചും ഞാൻ വിശദമായി പഠിച്ചു. അങ്ങനെ ലഭിച്ച വിവരങ്ങളാണ് ഇനി പറയുന്നത്.

എല്ലാ കമ്പ്യൂട്ടറിനും ഐ.പി. ഉണ്ടായിരിക്കും. നെറ്റ്‌വർക്ക് ചെയ്യുമ്പോൾ വേറെ ഐ.പി. സെറ്റ് ചെയ്യും. ഇന്റർനെറ്റിൽ കയറുമ്പോൾ ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർ (ഐ.എസ്.പി.) നൽകുന്ന ഐ.പി. ലഭിക്കും. അങ്ങനെ ലഭിക്കുന്ന ഐ.പി. ആ സമയത്ത് മറ്റാർക്കും ഉണ്ടായിരിക്കയില്ല. പക്ഷേ വ്യാജ ഐ.പികൾ സെറ്റ് ചെയ്യാൻ സഹായിക്കുന്ന നിരവധി ക്രാക്കിംഗ് സോഫ്റ്റ് വെയറുകൾ ഇന്ന് ലഭ്യമാണ്. യഥാർത്ഥ ഐ.പി. മറച്ചു വെയ്ക്കാനും നമുക്ക് ഇഷ്ടമുള്ള ഐ.പി. ഈമെയിലിൽ വ്യാജമായി ചേർക്കാനും കഴിയും എന്നർത്ഥം. അതുകൊണ്ട് ഐ.പിയെ ഐ.റ്റി. ആക്ടിൽ തെളിവായി അംഗീകരിച്ചിട്ടില്ല. യു.എൻ.ഒ. ഉണ്ടാക്കിയ മാതൃക അനുസരിച്ചാണ് ലോകമെമ്പാടും ഐ.റ്റി. നിയമം ഉണ്ടാക്കിയിട്ടുള്ളത്. യു.എൻ.ഒയുടെ മാതൃകാ നിയമത്തിലും ഐ.പി. തെളിവായി അംഗീകരിച്ചിട്ടില്ല. അങ്ങനെയെങ്കിൽ ഇന്ത്യയിലെ കോടതികൾക്ക് ഐ.പി. തെളിവായി സ്വീകരിക്കാൻ പറ്റുമോ? ഇല്ലെന്നു തീർച്ച.

ഐ.പി. തെളിവായി സ്വീകരിച്ചാൽ തന്നെ ഈ കേസ്സിൽ ഹാജരാക്കിയിട്ടുള്ള ഈമെയിൽ പ്രിന്റുകളും അവയിലെ ഐ.പിയും തെളിവായി സ്വീകരിക്കാൻ കഴിയുമോ എന്ന് പരിശോധിക്കാം.

ആകെ 9 സെറ്റ് ഈമെയിൽ പ്രിന്റുകളാണ് പ്രോസിക്യൂഷൻ ഹാജരാക്കിയത്. അവയിൽ ഒന്നു മുതൽ ആറ് വരേയുള്ളതും എട്ടും പരാതിക്കാരന്റെ മകനായ വൽസൻ ഏബ്രഹാമിന് ലഭിച്ചെന്നും വൽസൻ അത് അവരുടെ ജോലിക്കാരനായ ശ്രീജുവിന് അയച്ചു കൊടുത്തെന്നും കുറ്റപത്രത്തിൽ പറയുന്നു. ശ്രീജുവാണ് ഈ പ്രിന്റുകൾ എടുത്തത്. ഏഴാമത്തെ ഈമെയിൽ വൽസൻ തന്റെ സഹോദരിയായ സ്റ്റാർലയ്ക്ക് അയച്ചുകൊടുത്തതാണ്. സ്റ്റാർലാ അത് പ്രിന്റ് ചെയ്ത് ശ്രീജുവിന് കൊടുത്തു. ഒൻപതാമത്തെ ഈമെയിൽ 35 പേജുള്ള ഒരു സെറ്റാണ്. ഇത് അന്വേഷണ ഉദ്യോഗസ്ഥനായ ഡി.വൈ.എസ്.പി. പത്തനംതിട്ടയിലുള്ള പോപ്പുലർ കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും പ്രിന്റ് ചെയ്തതാണ്. ഈ 35 പേജുകളിൽ ഒരിടത്തും ഐ.പി. എന്നൊന്നില്ല. അതുകൊണ്ട് ഒൻപതാമത്തെ ഈമെയിൽ സെറ്റ് മാറ്റിവെയ്ക്കാം.

ഏഴാമത്തെ ഈമെയിൽ ആരോ വൽസന് അയച്ചെന്നും വൽസൻ അത് സഹോദരിയായ സ്റ്റാർലക്ക് അയച്ചെന്നും പ്രോസിക്യൂഷൻ പറയുന്നു. സ്റ്റാർല അതിന്റെ പ്രിന്റ് എടുത്ത് ശ്രീജുവിന് കൊടുത്തു. ഈ പ്രിന്റിൽ From, To എന്നിവ ഉണ്ട്. ഒറിജിനൽ ഐ.പിയും ഉണ്ട്. ഒരു കൃത്രിമവും നടന്നിട്ടില്ല. പക്ഷേ ഇത് ഈ കേസ്സിലെ പ്രതികൾ അയച്ചതല്ല എന്ന് പ്രോസിക്യൂഷൻ സമ്മതിക്കുന്നു. ആരാണ് അയച്ചതെന്ന് പോലീസ് അന്വേഷിച്ചതുമില്ല.

എട്ടാമത്തെ ഈമെയിൽ 2002 ഫെബ്രുവരി 30ന് അയച്ചതാണെന്നും അതുകൊണ്ട് ഐ.പി. ആരുടേതാണെന്ന് കണ്ടെത്താനായിട്ടില്ല എന്നും പ്രോസിക്യൂഷൻ സമ്മതിക്കുന്നു. ഫെബ്രുവരി 30 എന്ന് തീയതി വെയ്ക്കുന്ന ഒരു കമ്പ്യൂട്ടർ ഉണ്ടെങ്കിൽ പ്രോസിക്യൂഷൻ ഈ വിവരം എത്രയും വേഗം ഗിന്നസ് ബുക്ക് അധികൃതരെ അറിയിക്കുക.

ഒന്നു മുതൽ ആറ് വരെയുള്ള ഈമെയിലുകൾ വൽസന് ലഭിച്ചെന്നും അവ ശ്രീജുവിന് അയച്ചുകൊടുത്തെന്നും പ്രോസിക്യൂഷൻ പറയുന്നു. ശ്രീജു ഇവയുടെ പ്രിന്റ് എടുത്ത് ഡി.വൈ.എസ്.പിക്ക് കൊടുത്തു. ഇവയിൽ രണ്ടാമത്തേത് പ്രതികളുടേതല്ല എന്ന് കുറ്റപത്രത്തിൽ പറയുന്നു. എന്നാൽ ഇത് പ്രതികളുടേതാണെന്ന് പ്രോസിക്യൂഷൻ വാദിക്കുകയും ചെയ്തു. പരസ്പര വിരുദ്ധമാണ് ഈ നിലപാട്. അതിലും ഗൗരവമുള്ള മറ്റു ചില പ്രശ്നങ്ങളുമുണ്ട്. ഒന്നു മുതൽ ആറുവരെയുള്ള ഈമെയിലുകളിൽ നിരവധി മദ്ധ്യവർത്തി ഐ.പികൾ ഉണ്ടെങ്കിലും ഒറിജിനൽ ഐ.പി. ഇല്ല. ഒറിജിൽ ഐ.പി. ഇല്ലാതെ എങ്ങനെ ഈമെയിൽ അയച്ചു? അതേപ്പറ്റി ഒരു സാക്ഷിയും മിണ്ടിയിട്ടില്ല. മദ്ധ്യവർത്തി ഐ.പികളിൽ ഓരോന്ന് എടുത്ത് പ്രതികളുടേതെന്ന് ആരോപിക്കയാണ് പ്രോസിക്യൂഷൻ ചെയ്തത്. പ്രതികൾ എങ്ങനെ മദ്ധ്യവർത്തിയാകും? മദ്ധ്യവർത്തികൾ എങ്ങനെ കുറ്റവാളികളാകും? അറിഞ്ഞുകൂടാ.

ഒന്ന്, മൂന്ന് എന്നീ ഈമെയിലുകളിൽ To അഡ്രസ്സ് ഇല്ല. അത്തരം ഒരു ഈമെയിൽ എങ്ങനെ വൽസനു കിട്ടി? അറിഞ്ഞുകൂടാ. നാലും അഞ്ചും ഈമെയിലുകൾ mercy@xxx.com എന്ന വിലാസത്തിലേക്കാണ് അയച്ചിരിക്കുന്നത്. അതും വൽസന് കിട്ടിയത്രേ. എങ്ങനെയാണാവോ? ഇതിനൊന്നും ഒരു വിശദീകരണവും പ്രോസിക്യൂഷൻ നൽകിയിട്ടില്ല.

എട്ട് ഈമെയിലുകളിൽ ഏഴാമത്തേത് സ്റ്റാർല പ്രിന്റ് ചെയ്തു. അതിൽ ഒറിജിനൽ ഐ.പി. ഉൾപ്പെടെ എല്ലാം ഉണ്ട്. ബാക്കിയുള്ളവ കമ്പ്യൂട്ടർ വിദഗ്ദ്ധനും പരാതിക്കാരന്റെ ജോലിക്കാരനുമായ ശ്രീജു പ്രിന്റ് ചെയ്തു. അവയിൽ ഒറിജിനൽ ഐ.പി. ഇല്ല. മറ്റ് കൃത്രിമങ്ങളും ഉണ്ട്. ഇതിൽ നിന്ന് എന്താണ് മനസ്സിലാക്കേണ്ടത്?

ഒന്നു മുതൽ എട്ടുവരെയുള്ള ആമെയിലുകൾ സിഫിയിലൂടെയാണ് അയച്ചത് എന്ന് പ്രോസിക്യൂഷൻ പറയുന്നു. ഞങ്ങൾക്ക് സിഫിയുടെ കണക്ഷനുണ്ട്. ഞങ്ങൾ കണക്ഷൻ എടുത്തപ്പോൾ ഞങ്ങളുടെ പൂർണ്ണ വിലാസവും ഫോൺ നമ്പറും നൽകിയിരുന്നു. ഒന്നു മുതൽ ആറു വരെയുള്ള ഈമെയിലുകളിൽ ഞങ്ങളുടെ ഐ.പി. ഉണ്ടെന്നാണ് സിഫി പറയുന്നത്. ഇത് ഒന്നാംതരം തെളിവല്ലേ? അല്പം വിശദമായി പറയേണ്ട കാര്യമാണിത്.

സിഫിക്ക് ഈമെയിലിന്റെ പ്രിന്റുകൾ അയച്ചു കൊടുത്തില്ല എന്ന വസ്തുത പ്രാരംഭത്തിൽ തന്നെ പറയട്ടെ. പോലീസ് അയച്ചു കൊടുത്തത് ഐ.പി. അഡ്രസ്സ് മാത്രമാണ്. എന്തുകൊണ്ട് ഈമെയിൽ പ്രിന്റുകളുടെ കോപ്പികൾ അയച്ചില്ല? ഞങ്ങളുടെ ഐ.പി. ഉപയോഗിച്ച് അയച്ച ഈമെയിലുകളുടെ കോപ്പികൾ സിഫിയുടെ സേർവറിൽ ഉണ്ടെന്ന് സിഫി ഉദ്യോഗസ്ഥൻ വ്യക്തമാക്കിയിട്ടുണ്ട്. അവയുമായി ഒത്തു നോക്കിയാൽ കള്ളി വെളിച്ചത്താകും. അതുകൊണ്ടാണ് ഈമെയിലുകളുടെ കോപ്പി അയയ്ക്കാതെ ഐ.പി. മാത്രം അയച്ചത്. സിഫിയിലുള്ള ഈമെയിലുകളുടെ പ്രിന്റ് പോലീസ് ഹാജരാക്കുകയോ സിഫി ഉദ്യോഗസ്ഥരോട് അവ ഹാജരാക്കാൻ പറയുകയോ ചെയ്തില്ല. എന്തുകൊണ്ട്?

ആറ് ഐ.പികൾ ഞങ്ങളുടേതാണെന്ന് സിഫി പറയുന്നു. അപ്പോൾ ഞങ്ങൾ കുറ്റവാളികളല്ലേ? പറയാം. പക്ഷേ കമ്പ്യൂട്ടറിൽ സാമാന്യ പരിജ്ഞാനമുള്ളവർക്കു മാത്രമേ ഇത് മനസ്സിലാകൂ. കമ്പ്യൂട്ടർ വിദഗ്ദ്ധനായ ശ്രീജുവാണ് ഇതിന്റെ പിന്നിൽ പ്രവർത്തിച്ചത്. വളരെ പഠനങ്ങൾ നടത്തിയശേഷമാണ് എനിക്കുപോലും ഇതിന്റെ പിന്നിലെ തട്ടിപ്പ് മനസ്സിലായത്.

എനിക്ക് ഒരു ദിവസം ശരാശരി 10 ഈമെയിലുകൾ ലഭിക്കാറുണ്ട്. അവയ്ക്കെല്ലാം ഞാൻ മറുപടി അയയ്ക്കുകയും ചെയ്യും. അങ്ങനെ ഞാൻ അയയ്ക്കുന്ന എല്ലാ ഈമെയിലുകളിലും എന്റെ ഐ.പി. ഉണ്ടാകും. ഐ. പി. എങ്ങനെ കണ്ടെത്താം? ഈമെയിലിന്റെ മുകൾ ഭാഗത്തോ അടിയിലോ View full headers എന്നൊരു ഓപ്ഷൻ കാണും. അതിൽ ക്ലിക്ക് ചെയ്യുക. അപ്പോൾ ഹെഡർ പൂർണ്ണമായി കാണാൻ കഴിയും. അതിൽ ഒറിജിനൽ ഐ.പി. എന്നത് ഈമെയിൽ അയച്ച ആളുടെ ഐ.പി. ആയിരിക്കും. ക്രാക്കിംഗ് സോഫ്റ്റ് വെയറുകൾ ഉപയോഗിച്ച് ഇവയിൽ കൃത്രിമം കാണിക്കാം. അങ്ങനെ കൃത്രിമം നടന്നിട്ടില്ലെങ്കിൽ ഈ ഐ.പി. ഏറെക്കുറെ വിശ്വസനീയമാണ്. ഈ ഐ.പിയോടൊപ്പം തീയതിയും സമയവും കൂടി പറഞ്ഞാൽ സിഫി അധികൃതർക്ക് അത് ആരുടേതാണെന്ന് പരിശോധിക്കാൻ കഴിയും. അങ്ങനെ പരിശോധിച്ചാൽ എന്റെ വിലാസവും ഫോൺ നമ്പറും ലഭിക്കും. ഇതിൽ എങ്ങനെയാണ് കൃത്രിമം നടത്തുക?

2002 ജനുവരി - ഫെബ്രുവരി മാസങ്ങളിൽ ഞാൻ 500 ഈമെയിൽ എങ്കിലും വിവിധ വ്യക്തികൾക്ക് അയച്ചിട്ടുണ്ടാകും. അവയിൽ ചിലത് ഐ.പി.സിയുമായി ബന്ധപ്പെട്ടവർക്കും കിട്ടിയിരിക്കും. ഇങ്ങനെയുള്ള ഈമെയിലുകളിൽ ആറെണ്ണം ശേഖരിക്കുകയാണ് ആദ്യപടി. അവയിൽ നിന്ന് എന്റെ ആറ് ഐ.പികൾ തീയതിയും സമയവും സഹിതം കണ്ടെത്തി രേഖപ്പെടുത്തി വയ്ക്കാം.

2001 നവംബർ മുതൽ നിരവധി വ്യാജ ഈമെയിലുകൾ പ്രചരിക്കയുണ്ടായി. അവയിൽ ചിലത് വൽസനോ മറ്റാരെങ്കിലുമോ ശ്രീജുവിന് ഫോർവേഡ് ചെയ്തു. അവ ഒന്നൊന്നായി എടുത്ത് ശ്രീജുവിന് കൃത്രിമം നടത്താം. ആദ്യമായി വ്യാജ ഈമെയിൽ ഹാർഡ് ഡിസ്ക്കിലേക്ക് സേവ് ചെയ്യുക. എം.എസ്. ഫ്രണ്ട്പേജ് ഉപയോഗിച്ച് അത് തുറക്കുക. അതിലുള്ള ഐ.പി., തീയതി, സമയം എന്നിവ മാറ്റിയിട്ട് എന്റെ ഐ.പി.കളിൽ ഒരെണ്ണം സമയവും തീയതിയും സഹിതം ചേർക്കുക. സേവ് ചെയ്തിട്ട് പ്രിന്റ് എടുക്കുക. വ്യാജ ഈമെയിൽ അയച്ചത് ഞാനാണെന്നതിന് ഒന്നാംതരം തെളിവായി. എന്റെ ഐ.പി. തീയതിയും സമയവും സഹിതം അതിലുണ്ടല്ലോ. ഇങ്ങനെയൊക്കെ ചെയ്യാൻ കഴിയുമെന്ന് ഞാൻ വെറുതെ പറയുന്നതല്ല. കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ആർക്കും ചെയ്തു നോക്കാവുന്നതാണ്. മാത്രമല്ല, ഇങ്ങനെ ചെയ്യാൻ കഴിയുമെന്ന് സിഫി ഉദ്യോഗസ്ഥൻ കോടതിയിൽ സമ്മതിക്കയും ചെയ്തിട്ടുണ്ട്.

ഇനി മറ്റൊരു വഴി പറയാം. ആദ്യമായി ഒരു പോസ്റ്റ്സ്ക്രിപ്റ്റ് പ്രിന്ററിന്റെ ഡ്രൈവർ, അക്രോബാറ്റ് ഡിസ്റ്റിലർ, പി.ഡി.എഫ്. എഡിറ്റർ എന്നിവ ഇൻസ്റ്റാൾ ചെയ്യുക. കമ്പ്യൂട്ടർ ഇന്റർനെറ്റിലേക്ക് കണക്ട് ചെയ്തശേഷം വൽസൻ ഫോർവേഡ് ചെയ്ത ഈമെയിൽ ഫുൾ ഹെഡർ സഹിതം വ്യൂ ചെയ്യുക. പോസ്റ്റ്സ്ക്രിപ്റ്റ് പ്രിന്റർ ഉപയോഗിച്ച് ഈമെയിൽ ''പ്രിന്റ് ടു ഫയൽ'' ആക്കുക. അതിനുശേഷം ഇന്റർനെറ്റ് ഡിസ്കണക്ട് ചെയ്യുക. അഡോബ് ഡിസ്റ്റിലറിന്റെ സഹായത്തോടെ പ്രിന്റ് ഫയൽ തുറന്ന് പി.ഡി.എഫ്. ഫോർമാറ്റിൽ ആക്കുക. പി.ഡി.എഫ്. എഡിറ്റർ ഉപയോഗിച്ച് ഈ ഫയൽ വീണ്ടും തുറക്കുക. ഫയലിലുള്ള ഒറിജിനൽ ഐ.പി., തീയതി. സമയം എന്നിവ ഡിലിറ്റ് ചെയ്തശേഷം എന്റെ ഐ.പി., തീയതി, സമയം എന്നിവ ടൈപ്പ് ചെയ്ത് ചേർക്കുക. ഫയൽ സേവ് ചെയ്ത് പ്രിന്റ് എടുക്കുക. വ്യാജ ഈമെയിൽ അയച്ചത് ഞാനാണ് എന്നതിന് ഒന്നാംതരം തെളിവായി.

ഈമെയിലിന്റെ പ്രിന്റ് അല്ലാതെ ഒറിജിനൽ അന്വേഷണ ഉദ്യോഗസ്ഥനായ ഡി.വൈ.എസ്.പി. പോലും കണ്ടിട്ടില്ല. സിഫിയിലേക്ക് ഐ.പി. അല്ലാതെ ഈമെയിൽ പ്രിന്റിന്റെ കോപ്പിപോലും അയച്ചില്ല. ധൃതിയിൽ കൃത്രിമം നടത്തിയപ്പോൾ ഒട്ടേറെ തെറ്റുകൾ വന്നു. ഒറിജിനൽ ഐ.പി. ഡിലിറ്റ് ചെയ്തെങ്കിലും അതിനു പകരം എന്റെ ഐ.പി. വയ്ക്കാൻ മറന്നു. എന്റെ ഐ.പി. ടൈപ്പ് ചെയ്ത് ചേർത്തത് മദ്ധ്യവർത്തി ഐ.പിയോടൊപ്പമായി. ഇങ്ങനെ ഒട്ടേറെ പ്രശ്നങ്ങളുണ്ടായി.

ഇത്തരം കൃത്രിമങ്ങൾ നടക്കാതിരിക്കാനുള്ള വഴി ഐ.റ്റി. ആക്ടിലുണ്ട്. അത് ഇന്ത്യൻ എവിഡൻസ് ആക്ടിന്റെ 65 (ബി.) വകുപ്പായി ചേർത്തിട്ടുമുണ്ട്. ഈമെയിലിന്റെ പ്രിന്റ് എടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട വിഷയങ്ങളേക്കുറിച്ച് ഇവിടെ വിവരിക്കുന്നു. ഏതു കമ്പ്യൂട്ടറിൽ നിന്നാണ് പ്രിന്റ് എടുത്തത്, എങ്ങനെയാണ് ഡേറ്റ കമ്പ്യൂട്ടറിൽ എത്തിയത് തുടങ്ങി ഒട്ടേറെ വിഷയങ്ങൾ വിവരിച്ച് ഒരു സർട്ടിഫിക്കറ്റ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ഉന്നത ഉദ്യോഗസ്ഥൻ ഈമെയിൽ പ്രിന്റിനോടൊപ്പം സമർപ്പിക്കണം. ഇത്തരത്തിലുള്ള സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ മാത്രമേ ഈമെയിലിന്റെ പ്രിന്റ് കോടതിയിൽ സ്വീകാര്യമായ തെളിവാകൂ. ഇത്തരത്തിലുള്ള സർട്ടിഫിക്കറ്റ് ഈ കേസ്സിൽ ഹാജരാക്കിയിട്ടില്ലെന്ന് പ്രോസിക്യൂഷനും കോടതിയും സമ്മതിക്കുന്നു. ശ്രീജു ഹാജരാക്കിയ ഈമെയിൽ പ്രിന്റുകൾ പിന്നെ എങ്ങനെ സ്വീകാര്യമായി? ഈ ലേഖനം വായിക്കുന്ന നിയമജ്ഞൻമാർ 65(ബി) വായിച്ചിട്ട് ദയവായി ഒരു മറുപടി പറയണം. മേൽപറഞ്ഞ വിധത്തിലുള്ള സർട്ടിഫിക്കറ്റില്ലാതെ ഈമെയിലിന്റെ പ്രിന്റ് തെളിവായി സ്വീകരിക്കാൻ എവിഡൻസ് ആക്ടിലോ ഈ രാജ്യത്തെ മറ്റേതെങ്കിലും നിയമത്തിലോ എന്തെങ്കിലും പഴുതുണ്ടോ എന്ന് അറിയാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ കേസ്സിനെ മാത്രമല്ല, ഭാവിയിൽ ഈ രാജ്യത്ത് ഉണ്ടാകുവാൻ ഇടയുള്ള ആയിരക്കണക്കിന് സൈബർ കേസ്സുകളേയും ബാധിക്കുന്ന സുപ്രധാന നിയമപ്രശ്നമാണിത്.

ശ്രീജു ഹാജരാക്കിയ ഈമെയിൽ പ്രിന്റുകൾ തെളിവായി സ്വീകരിക്കാൻ പറ്റില്ലെങ്കിൽ സൈബർ കേസ്സ് അടിസ്ഥാനമില്ലാത്തതാകും. ഞങ്ങളുടെ നിരപരാധിത്വം തെളിയും. ഈ വിഷയത്തിൽ ഒരു റൂളിംഗ് ഹൈക്കോടതിയിൽ നിന്നോ സുപ്രീം കോടതിയിൽ നിന്നോ ഉണ്ടാകും.

മാത്യു വർഗീസ് എന്നൊരാൾക്കെതിരെയായിരുന്നല്ലോ ടി.എസ്.ഏബ്രഹാം പരാതി നൽകിയത്. അയാൾ പരാതിക്കാരന്റെ കമ്പ്യൂട്ടറിലെ ഡേറ്റ മായിച്ചുകളഞ്ഞു എന്നും പരാതിയിൽ പറഞ്ഞിരുന്നു. അതുകൊണ്ട് ഹാക്കിംഗ് എന്ന കുറ്റത്തേക്കുറിച്ചു പറയുന്ന ഐ.റ്റി. ആക്ടിന്റെ 66-ാം വകുപ്പുകൂടി എഫ്.ഐ.ആറിൽ ഉണ്ടായിരുന്നു. കേസ്സ് ഞങ്ങളുടെ പേരിൽ ആക്കിയശേഷവും അത് പോലീസ് മാറ്റിയില്ല. എന്നാൽ ടി.എസ്.ഏബ്രഹാമിന്റെ കമ്പ്യൂട്ടറോ മറ്റാരുടെയെങ്കിലും കമ്പ്യൂട്ടറോ ഞങ്ങൾ ഹാക്ക് ചെയ്തു എന്ന് കുറ്റപത്രത്തിൽ പറയുന്നില്ല. ടി.എസ്.ഏബ്രഹാം പോലും ഇങ്ങനെയൊരു ആരോപണം ഉന്നയിച്ചിട്ടുമില്ല. മാത്രമല്ല, ഹാക്കിംഗ് നടത്തി എന്നൊരു കേസ്സില്ല എന്ന് പ്രോസിക്യൂഷൻ തന്നെ വാദത്തിനിടയിൽ കോടതിയിൽ വ്യക്തമാക്കുകയും ചെയ്തു. പക്ഷേ വിധി വന്നപ്പോൾ ഹാക്കിംഗിനും കിട്ടി ഞങ്ങൾക്ക് രണ്ടു വർഷത്തെ തടവ് ശിക്ഷ. ഈ രാജ്യത്തെ നിയമത്തോടും നീതിന്യായ വ്യവസ്ഥയോടും അങ്ങേയറ്റത്തെ ആദരവോടെ പറയട്ടെ: ഈ രാജ്യത്തെ ഒരു പൗരനും ഇത്തരമൊരു വിധി കേൾക്കാനുള്ള ദുര്യോഗം ഇനി ഒരിക്കലും ഉണ്ടാകരുത്.

സൈബർ കേസ്സുമായി ബന്ധപ്പെട്ട് ഒട്ടേറെ നിയമ പ്രശ്നങ്ങളേക്കുറിച്ച് ഇനിയും പറയാനുണ്ട്. എങ്കിലും സ്ഥലപരിമിതിമൂലം ഇവിടെ നിർത്തുകയാണ്. കൂടുതൽ വിവരങ്ങൾ അടുത്ത ലക്കം ഡിഫെൻഡറിൽ ഉണ്ടാകും.

RNI No. 68089 / 97
2006 July 1

# THE DEFENDER

REGISTERED
KL/ALY/0031/2006-08

# വൽസന്റെ വരുമാനം: കണക്കുകൾ കഥ പറയുന്നു

ഒരു ജോലിയും ചെയ്യാതെ, ഒരു ബസിനസ്സും നടത്താതെ, കോടികൾ സമ്പാദിക്കാൻ കഴിയുമോ? കഴിയും. സുവിശേഷത്തിന്റെയോ ജീവകാരുണ്യ പ്രവർത്തനത്തിന്റെയോ മറവിൽ പണപ്പിരിവ് നടത്തിയാൽ മതി. പിരിവിന് ഇറങ്ങുന്നത് അമേരിക്കയിലായാൽ ഏറെ നന്ന്. സംശയമുള്ളവർ വൽസനെ കണ്ടു പഠിക്കുക.

വൽസൻ ഏബ്രഹാമിന്റെ വല്യപ്പനായ കെ.ഇ. ഏബ്രഹാം സ്വന്തം മക്കൾക്ക് സമ്പാദ്യമായി കൊടുത്തത് ഓരോ ബൈബിൾ മാത്രമാണ്. മകനായ ടി.എസ്.ഏബ്രഹാം ആ ബൈബിൾ ഉപയോഗിച്ച് കോടികൾ സമ്പാദിച്ചു. ബാങ്കിൽ നിന്ന് ഏറ്റവും വലിയ നിക്ഷേപകനുള്ള അവാർഡ് വാങ്ങി. അടുത്ത കാലത്ത് അഞ്ചു കോടിയോളം രൂപ മുടക്കി ഓതറയിൽ റബ്ബർ എസ്റ്റേറ്റും വാങ്ങി.

ബൈബിൾ ഉപയോഗിച്ച് പണം തട്ടുന്ന കാര്യത്തിൽ അപ്പനായ ടി.എസ്.ഏബ്രഹാമിനെ വൽസൻ ഏബ്രഹാം കടത്തി വെട്ടി. ഭാരത സുവിശേഷീകരണത്തിന്റെ പേരിൽ 2001 മുതൽ 2004 വരെ വൽസൻ അമേരിക്കയിൽ നിന്നും പിരിച്ച പണത്തിന്റെ കണക്ക് താഴെ കൊടുക്കുന്നു. www.ministrywatch.com എന്ന വെബ്സൈറ്റിൽ നിന്ന് കൂടുതൽ വിവരങ്ങൾ ലഭിക്കും.

അങ്ങേയറ്റം ഹീനമായ മാർഗ്ഗങ്ങൾ ഉപയോഗിച്ചാണ് വൽസൻ പണമുണ്ടാക്കുന്നത്. വലതുവശത്തുള്ള ചിത്രം നോക്കുക. തെരുവോരത്ത് അന്തിയുറങ്ങുന്ന ഏതോ സാധു പെൺകുട്ടിയുടെ ഫോട്ടോയാണത്. ആ കുട്ടിയുടെ പേരുപോലും വൽസന് അറിവുണ്ടായിരിക്കയില്ല. പക്ഷേ ഈ ചിത്രം കാണുന്ന സായിപ്പ് ഡോളർ വാരിക്കൊടുക്കുമെന്ന് വൽസനറിയാം. അതുകൊണ്ടാണ് വൽസന്റെ വെബ്സൈറ്റിൽ അടുത്ത കാലം വരെ ഈ ചിത്രം കൊടുത്തിരിക്കുന്നത്. ഇതുപോലുള്ള മറ്റൊരു ചിത്രമാണ് ഇപ്പോഴുള്ളത്. കൂടുതൽ വിവരങ്ങൾക്ക് www.indiago.org എന്ന വെബ്സൈറ്റ് നോക്കുക.

2004ൽ വൽസൻ പിരിച്ചെടുത്തത് 1,278,036 ഡോളറാണ്. ഒരു ഡോളറിന് 45 രൂപ എന്ന് കണക്കാക്കിയാൽ 5,75,11,620 രൂപയാണ്. അഞ്ചേമുക്കാൽ കോടി രൂപ. ഒരു ദിവസത്തെ വരുമാനം ഒന്നര ലക്ഷത്തിൽ അധികം രൂപ. 2006ലെ കണക്ക് അറിഞ്ഞുകൂടാ. പരമ ദരിദ്രനായിരുന്ന നസ്രേത്തുകാരൻ ആശാരിയെ വിറ്റപ്പോൾ യൂദാസിന് മുപ്പത് വെള്ളിക്കാശ് ലഭിച്ചു. ഇന്നത്തെ കണക്കുവെച്ച് പറഞ്ഞാൽ വെറും 3,000 രൂപ മാത്രം. വൽസനേപ്പോലുള്ളവർ യൂദാസിനേക്കാൾ കഴിവുള്ളവരാണ്. എങ്ങനെ ബിസിനസ്സ് ചെയ്യണമെന്ന് അവർക്കറിയാം. ഉടുതുണിക്ക് മറുതുണിയില്ലാത്ത പെൺകുട്ടികളെ വിറ്റ് എങ്ങനെ കോടികൾ സമ്പാദിക്കാം എന്ന് അവരെ ആരും പഠിപ്പിക്കേണ്ടതില്ല. ഭൂകമ്പമുണ്ടായാലും സുനാമി ഉണ്ടായാലും പട്ടിണി ഉണ്ടായാലും ഒന്നും ഉണ്ടായില്ലെങ്കിലും അവർ പണമുണ്ടാക്കും.




## FINANCIALS ($)

| Revenue & Expenses | 2004 | 2003 | 2002 | 2001 |
|---|---|---|---|---|
| Total Contributions | $665,374 | $1,443,571 | $789,824 | $1,099,418 |
| Total Other Revenue | $612,662 | $16,778 | ($317) | ($7,255) |
| **TOTAL REVENUE** | **$1,278,036** | **$1,460,349** | **$789,507** | **$1,092,163** |
| Program Services | $1,450,351 | $1,428,326 | $845,094 | $754,009 |
| Management & General | $74,851 | $103,774 | $91,057 | $104,074 |
| Fundraising | $65,870 | $57,016 | $51,889 | $66,594 |
| **TOTAL EXPENSES** | **$1,591,072** | **$1,589,116** | **$988,040** | **$924,677** |
| **SURPLUS (DEFICIT)** | **($313,036)** | **($128,767)** | **($198,533)** | **$167,486** |

| Balance Sheet | 2004 | 2003 | 2002 | 2001 |
|---|---|---|---|---|
| TOTAL ASSETS | $134,511 | $324,871 | $473,271 | $652,147 |
| TOTAL LIABILITIES | $126,764 | $4,088 | $23,721 | $4,064 |
| NET ASSETS | $7,747 | $320,783 | $449,550 | $648,083 |

| Financial Ratios | Database Average | 2004 | 2003 | 2002 | 2001 |
|---|---|---|---|---|---|
| Fundraising Cost Ratio | 7% | 5% | 4% | 7% | NA |
| Contributions Reliance | 81% | 52% | 99% | 100% | NA |
| Spending Ratio | 98% | 124% | 109% | 125% | NA |
| Program Output Ratio | 78% | 113% | 98% | 107% | NA |
| Degree of L-T Investment | 3.73 | 1.10x | 1.05x | 1.02x | NA |
| Current Asset Turnover | 6.16 | 13.05x | 5.16x | 2.14x | NA |

## NEWS & DISCUSSION

| News | › help | Discussion | › help |
|---|---|---|---|

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan